02
2026
ഫെബ്രുവരി
തിങ്കൾ
മകരം 19

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 31 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-31 പേജ് 4. വില 2.00 രൂപ

02 സിലബസ് ലഘൂകരണം ഗൗരവമായി ചർച്ചചെയ്യും: മന്ത്രി വി ശിവൻകുട്ടി

03 പ്രതിരോധത്തിനു റിക്കാർഡ് വിഹിതം; 7.85 ലക്ഷം കോടിയായി ഉയർത്തി

04 ബജറ്റ് സമ്മാനിക്കുന്നത് നിരാശ: രമേശ് ചെന്നിത്തല

# കേന്ദ്ര ബജറ്റ്: പുതിയ ആദായ നികുതി നിയമം ഏപ്രിൽ 1 മുതൽ

ന്യൂഡൽഹി : രാജ്യം ഏറെ ആകാംക്ഷയോടെ കാത്തിരുന്ന 202627 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമ്മല സീതാരാമൻ ഇന്ന് പാർലമെന്റിൽ അവതരിപ്പിച്ചു. രാവിലെ 11 മണിക്ക് ആരംഭിച്ച ബജറ്റ് പ്രസംഗം ഒന്നര മണിക്കൂറോളം നീണ്ടു നിന്നു. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായാണ് ഒരു ഞായറാഴ്ച ബജറ്റ് അവതരിപ്പിച്ചത് എന്നത് ഈ വർഷത്തെ വലിയ പ്രത്യേകതയാണ്. നിർമ്മല സീതാരാമൻ അവതരിപ്പിച്ച തുടർച്ചയായ ഒമ്പതാമത്തെ ബജറ്റാണിത്. ഇതോടെ കൂടുതൽ തവണ തുടർച്ചയായി ബജറ്റ് അവതരിപ്പിച്ച ധനമന്ത്രിയെന്ന റെക്കോർഡും അവർ സ്വന്തമാക്കി.



ധനമന്ത്രി നിർമ്മല സീതാരാമൻ കേന്ദ്ര ബജറ്റ് അവതരിപ്പിക്കുന്നു (ഫോട്ടോ: ഇന്ത്യാ ടുഡേ)ധനമന്ത്രി നിർമ്മല സീതാരാമൻ കേന്ദ്ര ബജറ്റ് അവതരിപ്പിക്കുന്നു (ഫോട്ടോ: ഇന്ത്യാ ടുഡേ)

രാജ്യം ഏറെ ആകാംക്ഷയോടെ കാത്തിരുന്ന 202627 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമ്മല സീതാരാമൻ ഇന്ന് പാർലമെന്റിൽ അവതരിപ്പിച്ചു. രാവിലെ 11 മണിക്ക് ആരംഭിച്ച ബജറ്റ് പ്രസംഗം ഒന്നര മണിക്കൂറോളം നീണ്ടു നിന്നു. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായാണ് ഒരു ഞായറാഴ്ച ബജറ്റ് അവതരിപ്പിച്ചത് എന്നത് ഈ വർഷത്തെ വലിയ പ്രത്യേകതയാണ്. നിർമ്മല സീതാരാമൻ അവതരിപ്പിച്ച തുടർച്ചയായ ഒമ്പതാമത്തെ ബജറ്റാണിത്. ഇതോടെ കൂടുതൽ തവണ തുടർച്ചയായി ബജറ്റ് അവതരിപ്പിച്ച ധനമന്ത്രിയെന്ന റെക്കോർഡും അവർ സ്വന്തമാക്കി.

ബജറ്റ് അവതരിപ്പിക്കവേ, രാജ്യത്തിന്റെ ഭാവി വികസനത്തിന് ആധാരമായ മൂന്ന് 'കർത്തവ്യങ്ങൾ' ധനമന്ത്രി നിർമ്മല സീതാരാമൻ പ്രഖ്യാപിച്ചു. കർത്തവ്യ പഥിൽ നിന്നാരംഭിച്ച തന്റെ ഒമ്പതാമത് ബജറ്റ് പ്രസംഗത്തിൽ, വികസിത ഭാരതമെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് അവർ വ്യക്തമാക്കി. ഈ മൂന്ന് കർത്തവ്യങ്ങളെ അടിസ്ഥാനമാക്കിയായിരിക്കും വരും വർഷങ്ങളിൽ ഇന്ത്യയുടെ സാമ്പത്തിക നയങ്ങൾ രൂപപ്പെടുകയെന്നും മന്ത്രി പറഞ്ഞു.

രാവിലെ ധനമന്ത്രാലയത്തിലെത്തിയ അവർ ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ച നടത്തിയ ശേഷം രാഷ്ട്രപതി ദ്രൗപതി മുർമ്മുവിനെ സന്ദർശിച്ചു രാഷ്ട്രപതി ഭവനിലെത്തിയ മന്ത്രി ബജറ്റ് അവതരിപ്പിക്കുന്നതിനുള്ള ഔദ്യോഗിക അനുമതി തേടിയിരുന്നു. ശേഷം നടന്ന കേന്ദ്ര മന്ത്രി സഭാ യോഗവും ബജറ്റിന് അംഗീരാരം നൽകി.

വിമാനങ്ങൾക്കും മറ്റ് സാങ്കേതിക സംവിധാനങ്ങൾക്കും 63,733 കോടിരൂപ ചെലവഴിക്കും. നാവികസേനയ്ക്ക് 25,023 കോടിരൂപ നൽകും. അവശേഷിച്ച 5.54 ലക്ഷംകോടി സൈന്യത്തിൻറെ പ്രവർത്തനത്തിനുള്ളതാണ്. ഇതിൽ 1.71 ലക്ഷംകോടി രൂപ പെൻഷനു വേണ്ടി ചെലവഴിക്കും.

യാത്രാദുരിതം ഏറെയുള്ള കേരളത്തെ തഴഞ്ഞുവെങ്കിലും ഏഴ് അതിവേഗ റെയിൽ ഇടനാഴികളാണു ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. മുംബൈ-പൂന, പൂന-ഹൈദരാബാദ്, ഹൈദരബാദ്-ബംഗളുരു, ഹൈദരബാദ്-ചെന്നൈ, ചെന്നൈ-ബംഗളൂരു, ഡൽഹി-വാരാണസി, വാരാണസി-സിലിഗുരി എന്നിവയാണ് അതിവേഗ റെയിൽ ഇടനാഴികൾ. പ്രകൃതിയെ മുറിവേൽപ്പിക്കാത്ത തരം യാത്രാസംവിധാനമാണു ലക്ഷ്യം.

അടിസ്ഥാനസൗകര്യ വികസനത്തിന് ഇതിനുപുറമേ 2,93,030 കോടിരൂപകൂടി റെയിൽവേയ്ക്കു നൽകും. പശ്ചിമബംഗാളിലെ ഡാൻകുനിയിൽ നിന്ന് ഗുജറാത്തിലെ സൂറത്തിലേക്കുള്ള ചരക്ക് ഇടനാഴി മറ്റൊരു സുപ്രധാനപദ്ധതി. ആദായനികുതി നടപടി ലഘൂകരിക്കുന്നുആറ് ദശകമായി തുടരുന്ന നികുതി നിയമത്തിനു പകരമായി അവതരിപ്പിച്ച 2025ലെ ആദായനികുതി നിയമം ഏപ്രിൽ ഒന്നുമുതൽ പ്രാബല്യത്തിൽ. നികുതി നൽകുന്നതിനുള്ള നടപടികളുടെ ലഘൂകരണമാണു പ്രധാനമാറ്റം. ധാതുസമ്പുഷ്ടമായ ഒഡീഷ, കേരളം, ആന്ധ്ര, തമിഴ്നാട് സംസ്ഥാനങ്ങളെ ഉൾപ്പെടുത്തിയുള്ള ധാതു ഇടനാഴി. 2025 നവംബറിൽ തുടക്കംകുറിച്ച സിൻറേർഡ് റെയർ എർത്ത് മാഗ്നറ്റ് പദ്ധതിയുടെ തുടർച്ചയാണിത്. 7,280 കോടി രൂപയാണു ബജറ്റ് വിഹിതം. ആരോഗ്യമേഖലയ്ക്ക് 1,06,530, 42 കോടിയാണു നീക്കിവച്ചത്. മെഡിക്കൽ ടൂറിസത്തിൻറെ വികസനത്തിന് സ്വകാര്യ മേഖലയുമായി ചേർന്ന് അഞ്ച് മെഡിക്കൽ ഹബുകൾ.

# മത്സ്യബന്ധന മേഖലയെ അവഗണിച്ചു, പ്രതിഷേധാർഹം

ഇന്ത്യയിലെ മത്സ്യബന്ധന മേഖലയെ വൻകിട കുത്തക കമ്പനികൾക്ക് തീറ് എഴുതുകയും മത്സ്യ മേഖലയെ പൂർണമായി തകർക്കുകയും ഇല്ലായ്മ ചെയ്യുകയും ചെയ്യുന്ന വിപൽകരമായ നിർദേശങ്ങളാണ് ഇന്ന് ധനകാര്യ മന്ത്രി നിർമ്മല സീതാരാമൻ അവതരിപ്പിച്ച ബഡ്ജറ്റിൽ ഉള്ളടങ്ങിയിരിക്കുന്നത്.ആഗോളവൽക്കരണ നയങ്ങൾക്ക് അനുസൃതവും ബ്ലൂ ഇക്കോണമി നയങ്ങൾക്ക് അനുരോധവും ആയ നിർദ്ദേശങ്ങളുടെ തുടർച്ചയാണ് ബഡ്ജറ്റിൽ പ്രതിഫലിച്ചിരിക്കുന്നത്

ബഡ്ജറ്റ് പ്രസംഗത്തിലെ 56 എ പ്രകാരം ഇന്ത്യൻ. കമ്പനിക്ക് 12 നോട്ടിക്കൽ മൈലിന് പുറത്ത് എവിടെയും പ്രവർത്തിക്കാൻ അനുമതി ലഭിച്ചിരിക്കുകയാണ്.12 മുതൽ 200 വരെ നോട്ടിക്കൽ മൈലിലെ മത്സ്യബന്ധന അവകാശവും പരിപാലന അവകാശവും കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാണ് എന്ന വകുപ്പ് ഉപയോഗിച്ചാണ് ഈ നടപടി കൊണ്ടുവരുന്നത്.ഈ മേഖലയിലെ മത്സ്യബന്ധനത്തിനു ശേഷം ഉൽപ്പന്നങ്ങൾക്ക് ട്രാൻസ്ഷിപ്പ്മെന്റ് അനുവദിച്ചിരിക്കുകയാണ്.മറ്റു രാജ്യങ്ങളിലെ തുറമുഖങ്ങളിൽ ഈ യാനങ്ങൾ അടുപ്പിക്കാനും ഉൽപ്പന്നങ്ങൾ കൈമാറാനും ഉള്ള അവകാശവും അംഗീകരിച്ച് അനുവദിച്ചിട്ടുണ്ട്.ആയതിന് റിസർവ് ബാങ്കിന്റെ അനുമതി ലഭ്യമാക്കേണ്ടതുണ്ടെന്ന് മാത്രം 'ഇന്ത്യയുടെ വിലപ്പെട്ട സമുദ്ര സമ്പത്ത് മറ്റു രാജ്യങ്ങളിലേക്ക് കൈമാറുന്ന രാജ്യദ്രോഹ പ്രവർത്തനമാണ് കേന്ദ്രസർക്കാരിൻറെ മുൻകൈയിൽ നടക്കുന്നത്.

ലോകത്ത് ഏറ്റവും കൂടുതൽ യാനങ്ങൾ 200 നോട്ടിക്കൽ മൈലിനുള്ളിൽ പ്രവർത്തിക്കുന്നത് ഇന്ത്യയിലാണ് 'ഇന്ത്യ സർക്കാരിൻറെ കണക്ക് പ്രകാരം 3,14,767യാ നങ്ങൾ ഇന്ത്യയുടെ കടലിൽ ഉണ്ട്.200 നോട്ടിക്കൽ മൈലിനുള്ളിൽ പ്രവർത്തിക്കുന്ന 64,000ചെറുകിട ട്രോൾ ബോട്ടുകളും ഉണ്ട്.സുസ്ഥിര മത്സ്യബന്ധനത്തിന് ഇന്ത്യയ്ക്ക് ആവശ്യമായത് 93767 യാനങ്ങൾ മാത്രമാണ് 'അതിൻറെ മൂന്നിരട്ടയിൽ അധികം യാനങ്ങൾ ഇപ്പോൾ തന്നെ പ്രവർത്തിക്കുന്നുണ്ട്.1977 ലും ,1981ലുംസംയുക്ത സംരംഭങ്ങളുടെ പേരിലും,1991 ൽ പുത്തൻ ആഴക്കടൽ മത്സ്യബന്ധന നയത്തിന്റെ പേരിലും,2002 ലെറ്റർ ഓഫ് പെർമിറ്റിന്റെ പേരിലും,2014ൽമീന കുമാരി റിപ്പോർട്ടിന്റെ പേരിലും ഇന്ത്യയുടെ ആർത്ഥിക മേഖലയ്ക്ക് (ഇ 'ഇ 'സെഡ്) പുറത്തായിരുന്നു കപ്പലുകൾ അനുവദിച്ചതെങ്കിൽ ഇപ്പോൾ അത് നമ്മുടെ പൂർണ്ണ ആർത്ഥിക മേഖലയ്ക്ക് ഉള്ളിലായി അനുവദിച്ചിരിക്കുകയാണ്.ആഴക്കടൽ മേഖലയിൽ മത്സ്യങ്ങൾ കുറവായതിനാൽ എല്ലാ യാനങ്ങളും തിരക്കടലിനടുത്തു വരെ വരും.ഇത് ഈ മേഖലയിലെ ചെറുകിടയും പരമ്പരാഗതവുമായ തൊഴിൽ മേഖലയെ തകർത്തു തരിപ്പണമാക്കും.12 നോട്ടിക്കൽ മൈലിന് തൊട്ടടുത്ത് വരെ വന്ന് ഈ കപ്പലുകൾക്ക് മത്സ്യബന്ധനം നടത്താവുന്ന സാഹചര്യമാണ് ഇന്ന് ഉള്ളത് തദ്ദേശീയമായ ഈ യാനങ്ങളെയും,മത്സ്യ സമ്പാദനത്തേയും ഇത് പ്രതികൂലമായി ബാധിക്കും.തദ്ദേശീയ സമൂഹത്തെ ഇത് പൂർണമായും പാപ്പരികരിക്കുന്നതിന് പുറമേ,മത്സ്യ സമ്പത്തിന്റെ സുസ്ഥിരതയെയും പ്രതികൂലമായി ബാധിക്കും.ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ നവംബർ മാസം 4 ാംതീയതി ഇന്ത്യ ഗവൺമെൻറ് ഗസറ്റ് നോട്ടിഫിക്കേഷൻ നടത്തിയതും ആണ്.ഈ നടപടികളുടെ തുടർച്ചയാണ് നിർമ്മല സീതാ രാമൻ ബഡ്ജറ്റ് പ്രസംഗത്തിലൂടെ ആവർത്തിച്ചിരിക്കുന്നത്.

വ്യാവസായിക മത്സ്യബന്ധനം ലോകമൊട്ടാകെ മത്സ്യങ്ങളെ തകർത്തിരിക്കുകയാണ് എന്ന യാഥാർത്ഥ്യം നാം കണക്കിലെടുക്കണം ഐക്യരാഷ്ട്ര സംഘടനയുടെ കീഴിലുള്ള ഐ യു സി എൻ പോലുള്ള സ്ഥാപനങ്ങൾയൂറോപ്പിലെ വ്യവസായ മത്സ്യബന്ധനത്തെ തുടർന്ന് ലോകത്തെ1616 പ്രധാന മത്സ്യയിനങ്ങൾ തകർച്ച നേരിടുകയാണ്എന്ന് വ്യക്തമാക്കിയിട്ടുണ്ട്.ഇതിൽനിന്ന് ഇന്ത്യ ഒരു പാഠവും പഠിച്ചിട്ടില്ല,

തൊഴിൽ സാന്ദ്രമായ ഒരു മേഖലയിൽ മൂലധന സാന്ദ്രമായ വ്യവസായങ്ങളെ കൊണ്ടുവരുന്നത് ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് സർക്കാർ കണക്കിലെടുത്തിട്ടില്ല.ഉൽപ്പന്നങ്ങളെ മാത്രം കാണുകയും ഉൽപാദക സമൂഹത്തെ കാണാതിരിക്കുകയും ചെയ്യുന്ന ഈ നടപടികൾ അങ്ങേയറ്റം പ്രതിഷേധാ ർഹമാണ്.ഇതിനെതിരായി രാജ്യവ്യാപകമായ പ്രക്ഷോഭത്തിന് ഞങ്ങൾ മുൻകൈയെടുക്കും

**ചാൾസ് ജോർജ്,**
സംസ്ഥാന പ്രസിഡൻറ്,
കേരള മത്സ്യത്തൊഴിലാളി ഐക്യവേദി
(ടി യു സി ഐ)

# കേന്ദ്ര ധനമന്ത്രി കേരളത്തെ മറന്നു

തിരുവനന്തപുരം: കേന്ദ്ര ബജറ്റിനെ രൂക്ഷമായി വിമർശിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. രാജ്യത്തിൻറെ ഭൂപടത്തിൽ കേരളം ഉണ്ടെന്ന് തന്നെ കേന്ദ്ര ധനമന്ത്രി മറന്നു. ബജറ്റിൽ കേരളത്തിന് യാതൊരു പരിഗണനയും കിട്ടിയില്ല.

കേരളത്തിൽ നിന്നുള്ള കേന്ദ്ര മന്ത്രിമാർ മറുപടി പറയണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

സംസ്ഥാനം ദീർഘകാലമായി ആവശ്യപ്പെടുന്ന എയിംസ്, റെയിൽവേ വികസനത്തിനായുള്ള ഏഴ് അതിവേഗ ഇടനാഴികൾ, വിഴിഞ്ഞം തുറമുഖ വികസനത്തിനായുള്ള പ്രത്യേക പാക്കേജ് എന്നിവയെല്ലാം തഴയപ്പെട്ടു. ഫിനാൻസ് കമ്മീഷൻ വിഹിതം ഉയർത്തണമെന്ന ആവശ്യം നിരാകരിച്ചു.

41 ശതമാനം വിഹിതമെന്ന നിലവിലെ സ്ഥിതി തുടരാൻ തീരുമാനിച്ചത് ഫെഡറൽ തത്വങ്ങളെ ദുർബലപ്പെടുത്തുന്ന നടപടിയാണെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. ഈ ബജറ്റ് കോർപറേറ്റുകളെ കൊഴുപ്പിക്കാനും സാധാരണക്കാരെ കൂടുതൽ ദാരിദ്ര്യത്തിലേക്ക് തള്ളി വിടുന്നതിനുമുള്ള നയരേഖയാണ്.

കേന്ദ്ര വിഹിതമായ ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് അർഹമായത് നൽകുന്നില്ലെന്നു മാത്രമല്ല റവന്യൂ ഡെഫിസിറ്റ് ഗ്രാൻറുകൾ തുടരേണ്ടതില്ലെന്ന തീരുമാനം വഴി സംസ്ഥാനത്തിൻറെ സാമ്പത്തിക അടിത്തറ തകർക്കാനാണ് കേന്ദ്രം ശ്രമിക്കുന്നത്. കേരളത്തിൻറെ ധാതുസമ്പത്ത് കൈക്കലാക്കാനുള്ള കേന്ദ്രത്തിൻറെ നീക്കം അത്യന്തം അപകടകരമാണ്.

എന്നാൽ കേന്ദ്ര ബജറ്റിലെ പ്രഖ്യാപനം സ്വകാര്യ കുത്തകകൾക്ക് ഖനനത്തിന് വഴിയൊരുക്കുന്ന നയമാണ്. പരിസ്ഥിതി മന്ത്രാലയത്തിൻറെ കർശന വ്യവസ്ഥകൾ പോലും റദ്ദാക്കിക്കൊണ്ട് പാരിസ്ഥിതികാനുമതി നൽകുന്നത് വേഗത്തിലാക്കി സ്വകാര്യ മേഖലയെ സഹായിക്കാനാണ് കേന്ദ്ര നീക്കം.

വിഴിഞ്ഞം, ചവറ, കൊച്ചി എന്നിവയെ ബന്ധിപ്പിച്ച് പൊതുമേഖലയിൽ ഒരു ധാതു ഇടനാഴി സ്ഥാപിക്കുമെന്ന് സംസ്ഥാന സർക്കാർ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. സംസ്ഥാനത്തിൻറെ പ്രഖ്യാപനങ്ങൾക്ക് കടകവിരുദ്ധമായി സ്വകാര്യ കുത്തകൾക്ക് ധാതുസമ്പത്ത് വിട്ടുകൊടുക്കുന്ന കേന്ദ്ര നീക്കം അപകടകരമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

# എസ്എസ്എൽസി പരീക്ഷ മാർച്ച് അഞ്ചിന് ആരംഭിക്കും; ഫലപ്രഖ്യാപനം മേയ് എട്ടിന്

തിരുവനന്തപുരം: സംസ്ഥാനത്ത് എസ്എസ്എൽസി പരീക്ഷ മാർച്ച് അഞ്ചിന് ആരംഭിക്കുമെന്ന് വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി.  എസ്എസ്എൽസി, ടിഎച്ച്എസ്എൽസി, എഎച്ച്എസ്എൽസി തുടങ്ങിയ പരീക്ഷകളുടെ വിജ്ഞാപനം മുതൽ ഫലപ്രഖ്യാപനം വരെയുള്ള സമയക്രമങ്ങൾ പരീക്ഷാഭവനാണ് തീരുമാനിച്ചത്.

പരീക്ഷാഫലം മേയ് എട്ടിന് പ്രസിദ്ധീകരിക്കും.

മാർച്ച് അഞ്ചിന് ആരംഭിക്കുന്ന എസ്എസ്എൽസി പരീക്ഷ 30-ന് അവസാനിക്കും. എസ്എസ്എൽസി ഐടി പരീക്ഷ ഫെബ്രുവരി രണ്ട് മുതൽ ഫെബ്രുവരി 13 വരെ നടക്കും.



# ഭിന്നശേഷി സംവരണം: കോടതിയിൽ പ്രതീക്ഷയെന്ന് വിദ്യാഭ്യാസമന്ത്രി

## കേസ് നാളെ സുപ്രീം കോടതി പരിഗണിക്കും

എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ നിന്ന് അനുകൂല ഉത്തരവ് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. കോടതിഅനുമതി ലഭിക്കുന്നതോടെ, ഏകദേശം 22,000-ത്തോളം അധ്യാപകർക്ക് അവരുടെ നിയമന തീയതി മുതൽ തന്നെ സ്ഥിരനിയമനം നൽകാൻ സാധിക്കുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നുവെന്ന് മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

സർക്കാരിന് വേണ്ടി സുപ്രീം കോടതിയിൽ സീനിയർ അഭിഭാഷകൻ ജയദീപ് ഗുപ്ത ഹാജരാകും. നായർ സർവീസ് സൊസൈറ്റിക്ക് നൽകിയിട്ടുള്ള ഉത്തരവ്, സമാന സ്ഥിതിയിലുള്ള മറ്റ് മാനേജ്മെന്റുകൾക്കും ബാധകമാക്കുക എന്നതാണ് സർക്കാർ നയമെന്ന് മന്ത്രി വ്യക്തമാക്കി.

സർക്കാർ സർവീസുകളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കി വരുന്നുണ്ടെങ്കിലും എയ്ഡഡ് സ്കൂളുകളിൽ ഇത് കൃത്യമായി പാലിക്കപ്പെട്ടിരുന്നില്ല. കോടതി വിധിന്യായങ്ങളുടെയും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ഈ കുറവ് പരിഹരിക്കാൻ സർക്കാർ ശ്രദ്ധിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് അമ്പതോളം നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും നിയമനങ്ങൾ സുതാര്യമാക്കാൻ ഒരു കൈപ്പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം സംസ്ഥാന-ജില്ലാ തല സമിതികൾ രൂപീകരിച്ച് 2025 മാർച്ച് 24-ന് സർക്കാർ ഉത്തരവിറക്കിയിരുന്നു. ജില്ലാ സമിതികൾ നിലവിൽ വരുന്നതിന് മുൻപ് തന്നെ 1500-ഓളം ഭിന്നശേഷി വിഭാഗക്കാർക്ക് നിയമനം നൽകി. ആദ്യഘട്ട റാങ്ക് ലിസ്റ്റിൽ നിന്ന് 431 ഉദ്യോഗാർത്ഥികൾക്ക് കൂടി 24.01.2026-ൽ നിയമന ശുപാർശ നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന ഒഴിവുകൾ നികത്താനായി ഉടനടി തന്നെ വീണ്ടും തിരഞ്ഞെടുപ്പ് നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുവെന്ന് അദ്ദേഹം അറിയിച്ചു.

എയ്ഡഡ് മേഖലയിൽ ജോലി ചെയ്യുന്ന മറ്റ് അധ്യാപകരുടെ ആശങ്കകളെക്കുറിച്ച് സർക്കാരിന് വ്യക്തമായ ബോധ്യമുണ്ടെന്ന് മന്ത്രി പറഞ്ഞു. കോടതി നിർദ്ദേശപ്രകാരം, ഭിന്നശേഷി നിയമനം പൂർണ്ണമായും പാലിക്കപ്പെടുന്നത് വരെ ചില അധ്യാപകർക്ക് പ്രൊവിഷണലായും ദിവസവേതന അടിസ്ഥാനത്തിലുമാണ് നിയമനം നൽകാൻ സാധിച്ചിരുന്നത്. എങ്കിലും ഇത്തരക്കാർക്ക് പെൻ നമ്പർ, ലീവ്, ഗ്രൂപ്പ് ഇൻഷുറൻസ്, പി.എഫ്, സ്ഥാനക്കയറ്റം തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും ഉറപ്പാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

# ബാലാവകാശ കമ്മിഷൻ ത്രിദിന കോൺക്ലേവ് സംഘടിപ്പിക്കുന്നു

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷന്റെ ആഭിമുഖ്യത്തിൽ ബാലസംരക്ഷണ നിയമങ്ങളെക്കുറിച്ച് ത്രിദിന കോൺക്ലേവ് സംഘടിപ്പിക്കുന്നു.

നാളെ (ഫെബ്രുവരി 3) രാവിലെ 10 ന് മുഖ്യമന്ത്രി പിണറായി വിജയൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്യും. വനിതാ ശിശുവികസന വകുപ്പ് മന്ത്രി വീണ ജോർജ് ചടങ്ങിൽ മുഖ്യാതിഥിയായിരിക്കും. പിഎംജിയിലെ കേരള ബാങ്ക് ആഡിറ്റോറിയത്തിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ ബാലാവകാശ കമ്മിഷൻ ചെയർപേഴ്സൺ കെ.വി.മനോജ്കുമാർ അധ്യക്ഷത വഹിക്കും.

ശിശു സൗഹൃദ-ശിശു കേന്ദ്രീകൃത അന്തരീക്ഷം എല്ലാ സ്കൂളുകളിലും ഉറപ്പാക്കുന്നതിന് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ ആക്റ്റ് ബാലനീതി ആക്റ്റ് ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന ആക്റ്റ് ഉൾപ്പെടെ കുട്ടികൾക്കായുള്ള നിയമങ്ങളെക്കുറിച്ചുള്ള വിലയിരുത്തലുണ്ടാകും.

വിദ്യാർത്ഥികൾ അധ്യാപകർ സ്കൂൾ പി.റ്റി.എ പ്രതിനിധികൾ മാതാപിതാക്കൾ രക്ഷിതാക്കൾ തദ്ദേശ സ്വയംഭരണ അധികാരികൾ വിവിധ വകുപ്പ് മേധാവികൾ സാമൂഹിക-സാംസ്കാരിക പ്രവർത്തകർ എൻജിഒ പ്രതിനിധികൾ കമ്മ്യൂണിറ്റി നേതാക്കൾ തുടങ്ങി 350 പേരാകും കോൺക്ലേവിൽ പങ്കെടുക്കുക. കുട്ടികളുമായി ബന്ധപ്പെട്ട യുഎൻസിആർസി ജെജെ ആർടിഇ പോക്സോ ആക്റ്റുകൾ നിർമ്മിതബുദ്ധിയുടെ സാധ്യതകളും വെല്ലുവിളികളും കുട്ടികളിലെ പൗരബോധവും ഭരണഘടനാ പരിജ്ഞാനവും ആധുനിക കാലത്ത് കുട്ടികളുടെ മാനസികാരോഗ്യ പ്രശ്നങ്ങളും വെല്ലുവിളികളും ബാലസൗഹൃദ വിദ്യാഭ്യാസത്തിന്റെയും ഇൻക്ലൂസീവ് എഡ്യൂക്കേഷന്റെയും പ്രാധാന്യം തുടങ്ങിയ പ്രധാന വിഷയങ്ങൾ കോൺക്ലേവിൽ ചർച്ച ചെയ്യും.

ഒന്നാം ദിനം നൂതനകാലത്തെ കുട്ടികളുടെ മാനസികാരോഗ്യ പ്രശ്നങ്ങളും വെല്ലുവിളികളും, അധ്യാപകർക്കും രക്ഷിതാക്കൾക്കും ഇടയിലെ പരസ്പര വിശ്വാസവും ആശയവിനിമയവും, ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ളതും, നിയമവുമായി പൊരുത്തപ്പെടാത്തതുമായ കുട്ടികൾ-നിയമപരമായ ഇടപെടലുകളും സംരക്ഷണ സംവിധാനങ്ങളും, കുട്ടികളുടെ അവകാശ ഉടമ്പടി-ബാല നീതി ആക്റ്റ്, ആർ.റ്റി.ഇ ആക്റ്റ്, പോക്സോ ആക്റ്റ് - സാധ്യതകളും വെല്ലുവിളികളും, കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ ആക്റ്റ്, കേരള വിദ്യാഭ്യാസ നയം-വെല്ലുവിളികൾ, ബാലവേല ശൈശവ വിവാഹം-കുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം എന്ന വിഷയങ്ങൾ കോൺക്ലേവിൽ അവതരിപ്പിക്കും.

രണ്ടാം ദിനം അധ്യാപന രീതിശാസ്ത്രത്തിൽ നിർമ്മിതബുദ്ധിയുടെ സാധ്യതകളും വെല്ലുവിളികളും, കുട്ടികളിലെ പൗരബോധവും ഭരണഘടനാപരിജ്ഞാനവും, ബാലസൗഹൃദ വിദ്യാഭ്യാസ അന്തരീക്ഷത്തിന്റെ പ്രാധാന്യം, ഉൾച്ചേർന്ന വിദ്യാഭ്യാസംപ്രായോഗിക വെല്ലുവിളികളും പരിഹാര മാർഗ്ഗങ്ങളും, പ്രീസ്കൂൾ വിദ്യാഭ്യാസ കരിക്കുലം ഏകോപന സാദ്ധ്യതകൾ, ബാലസൗഹൃദ കേരളം, വിദ്യാഭ്യാസത്തിൽ കലാ-കായിക - സാംസ്കാരിക പ്രവർത്തനങ്ങളുടെ പ്രാധാന്യം എന്ന വിഷയങ്ങൾ കോൺക്ലേവിൽ അവതരിപ്പിക്കും. മൂന്നാം ദിനം ശുപാർശ സംബന്ധിച്ച ഗ്രൂപ്പ് ചർച്ചയും അവതരണവുമാണുണ്ടാവുക. സമാപന സമ്മേളനം 5ന് വൈകിട്ട് 3.30ന് സ്പീക്കർ എ.എൻ.ഷംസീർ ഉദ്ഘാടനം ചെയ്യും.

# 'ശ്രുതിതരംഗം' പദ്ധതി: അംഗീകരിക്കപ്പെട്ട അപേക്ഷകളിൽ 86 ശതമാനത്തിലും ശസ്ത്രക്രിയകൾ പൂർത്തിയാക്കി

## സാങ്കേതിക കമ്മിറ്റി അംഗീകരിച്ച 204 അപേക്ഷകളിൽ 177 ശസ്ത്രക്രിയകൾ പൂർത്തിയാക്കി

## 2025 – 26 സാമ്പത്തിക വർഷത്തിൽ മാത്രം 54 ശസ്ത്രക്രിയകൾ വിജയകരമായി നടന്നു

കേൾവിശക്തിയില്ലാത്ത കുരുന്നുകൾക്ക് ശബ്ദലോകത്തിന്റെ വാതായനങ്ങൾ തുറന്നുനൽകുന്ന സംസ്ഥാന സർക്കാരിന്റെ 'ശ്രുതിതരംഗം' പദ്ധതിയിലൂടെ ഇതുവരെ അംഗീകരിക്കപ്പെട്ട അപേക്ഷകളിൽ 86 ശതമാനത്തിലും ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തിയാക്കി.

2026 ജനുവരി 24ലെ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം പദ്ധതി വഴി ലഭ്യമാകുന്ന സേവനങ്ങളിൽ വലിയ പുരോഗതിയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

പദ്ധതി പ്രകാരം ശസ്ത്രക്രിയയ്ക്ക് ലഭിച്ച അപേക്ഷകളിൽ സാങ്കേതിക കമ്മിറ്റി അംഗീകരിച്ച 204 അപേക്ഷകളിൽ 177 പേരുടെ ശസ്ത്രക്രിയ പൂർത്തിയാക്കി. ഇതിൽ 2025-26 സാമ്പത്തിക വർഷത്തിൽ മാത്രം 54 ശസ്ത്രക്രിയകളാണ് വിജയകരമായി നടന്നത്.

ശസ്ത്രക്രിയയ്ക്ക് പുറമെ കോക്ലിയർ ഉപകരണത്തിന്റെ റിപ്പയർ, പ്രോസസ്സർ അപ്ഗ്രേഡേഷൻ എന്നീ സേവനങ്ങളും പദ്ധതിയുടെ ഭാഗമായി സൗജന്യമായി നൽകുന്നുണ്ട്. ഉപകരണങ്ങളുടെ റിപ്പയറിനായി ലഭിച്ച 1481 അപേക്ഷകളിൽ 1161 എണ്ണത്തിലും (79%) ഇതിനകം പരിഹാരമായി. ഈ സാമ്പത്തിക വർഷം മാത്രം 510 ഉപകരണങ്ങളാണ് പ്രവർത്തനസജ്ജമാക്കിയത്. കോക്ലിയർ ഉപകരണത്തിന്റെ പ്രോസസ്സർ നവീകരണത്തിനായി ലഭിച്ച 357 അപേക്ഷകളിൽ 346 എണ്ണവും (97%) പൂർത്തിയാക്കി കഴിഞ്ഞു.

മൂന്ന് വയസ്സിൽ താഴെയുള്ള ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ പൂർണമായും സൗജന്യമായി ലഭ്യമാക്കുന്ന ഈ പദ്ധതി സാധാരണക്കാരായ കുടുംബങ്ങൾക്ക് വലിയ ആശ്വാസമാണ് പകരുന്നത്.

മൂന്ന് വയസ്സിന് താഴെയുള്ള കുട്ടികൾക്കാണ് മുൻഗണനയെങ്കിലും പ്രത്യേക സാഹചര്യങ്ങളിൽ അഞ്ച് വയസ്സുവരെയുള്ള കുട്ടികൾക്കും ഈ സൗകര്യം പ്രയോജനപ്പെടുത്താം. കൂടാതെ മെനിഞ്ചൈറ്റിസ്, മുണ്ടിനീര് തുടങ്ങിയ രോഗങ്ങൾ ബാധിച്ച് കേൾവി നഷ്ടപ്പെട്ട കുട്ടികൾക്ക് 12 വയസ്സുവരെ ശസ്ത്രക്രിയയ്ക്കും, ശസ്ത്രക്രിയ കഴിഞ്ഞവർക്ക് 25 വയസ്സുവരെ പ്രോസസ്സർ അപ്ഗ്രേഡേഷനും സർക്കാർ സഹായം നൽകുന്നു.

സ്വകാര്യ ആശുപത്രികളിൽ ഏറ്റവും കുറഞ്ഞത് 8 മുതൽ 10 ലക്ഷം രൂപ വരെ ചിലവ് വരുന്ന കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയാണ് യാതൊരു സാമ്പത്തിക ബാധ്യതയുമില്ലാതെ സാധാരണക്കാർക്ക് സർക്കാർ ലഭ്യമാക്കുന്നത്.

2012ൽ സാമൂഹിക നീതി വകുപ്പിന് കീഴിൽ ആരംഭിച്ച പദ്ധതി, 2023 മുതൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായാണ് ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറിയത്.

സംസ്ഥാനത്തെ സർക്കാർ-സ്വകാര്യ മേഖലകളിലെ മികച്ച ആശുപത്രികളുടെ ശൃംഖല വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകൾക്ക് പുറമെ എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട്,

# സിലബസ് ലഘൂകരണം ഗൗരവമായി ചർച്ചചെയ്യും: മന്ത്രി വി ശിവൻകുട്ടി

സംസ്ഥാനത്തെ സ്കൂൾ സിലബസ് ലഘൂകരിക്കുന്ന കാര്യത്തിൽ സംസ്ഥാന കരിക്കുലം കമ്മിറ്റി വിശദമായ ചർച്ചകൾ നടത്തി ഉടൻ തീരുമാനമെടുക്കുമെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. കുട്ടികളുടെ പഠനഭാരം ശാസ്ത്രീയമായി പരിശോധിച്ച് മാത്രമേ മാറ്റം വരുത്തുകയുള്ളൂവെന്ന് മന്ത്രി വ്യക്തമാക്കി.

കേവലം പുസ്തകസഞ്ചിയുടെ ഭാരം കുറയ്ക്കൽ മാത്രമല്ല, മറിച്ച് മാനസികമായ ഭാരം കൂടി കുറയ്ക്കാനുള്ള സർക്കാരിന്റെ ആത്മാർത്ഥമായ ഇടപെടലിന്റെ ഭാഗമാണ് ഇതെന്ന് മന്ത്രി പറഞ്ഞു.കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളുന്ന 'ഇവോൾവിങ് ടെക്സ്റ്റ്' എന്ന ആശയമാണ് പാഠ്യപദ്ധതി ചട്ടക്കൂടിൽ സർക്കാർ മുന്നോട്ട് വെക്കുന്നത്. പാഠഭാഗങ്ങളുടെ എണ്ണം കൂടിയത് കൊണ്ട് മാത്രം അറിവ് വർദ്ധിക്കണമെന്നില്ല. കണ്ടന്റ് കൂടുന്നതിലല്ല കാര്യം അത് എക്സ്പെരിമെന്റൽ ലേണിംഗ് രീതിയിലൂടെ പഠിപ്പിച്ച് ആഴത്തിലുള്ള പഠനം നടക്കുന്നു എന്ന് ഉറപ്പിക്കുകയാണ് ചെയ്യുന്നത്.

പുതുക്കിയ പാഠപുസ്തകങ്ങളെക്കുറിച്ച് അധ്യാപകരിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും നിരന്തരം ഫീഡ്ബാക്ക് ശേഖരിക്കുന്നുണ്ട്. ചില വിഷയങ്ങളിൽ 'കണ്ടന്റ് ലോഡ്' കൂടുതലാണെന്ന അഭിപ്രായം വന്നിട്ടുണ്ട്. ഇത് ഗൗരവമായി പരിശോധിക്കുമെന്ന് മന്ത്രി അറിയിച്ചു.

# കൈറ്റ് വിക്ടേഴ്സിൽ 'മുന്നൊരുക്കം' പരീക്ഷാ സഹായി

പാഠ്യപദ്ധതി പരിഷ്ക്കരണത്തെത്തുടർന്നുള്ള പുതിയ പരീക്ഷാ രീതികളും മാതൃകാ ചോദ്യങ്ങളും കുട്ടികളെ പരിചയപ്പെടുത്തുന്ന 'മുന്നൊരുക്കം' പരീക്ഷാ സഹായി പ്രോഗ്രാം കൈറ്റ് വിക്ടേഴ്സിൽ ഫെബ്രുവരി 1 മുതൽ ആരംഭിക്കും. എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന കുട്ടികൾക്കുള്ള ക്ലാസുകളാണ് ആദ്യ ഘട്ടത്തിൽ സംപ്രേഷണം ചെയ്യുന്നത്. രാജ്യത്താദ്യമായി റോബോട്ടിക്സ് പ്രായോഗിക പരീക്ഷ ഉൾപ്പെടുത്തി നടത്തുന്ന പത്താം ക്ലാസിലെ ഐസിടി പരീക്ഷ ഫെബ്രുവരി 2 മുതൽ തുടങ്ങുന്ന പശ്ചാത്തലത്തിൽ മുന്നൊരുക്കത്തിലെ ആദ്യ ക്ലാസ് ഐസിടിയാണ്. തുടർന്ന് ഗണിതം, ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഹിന്ദി, ഇംഗ്ലീഷ്, സോഷ്യൽ സയൻസ്, മലയാളം, ഭാഷാവിഷയങ്ങൾ എന്നിങ്ങനെ യഥാക്രമം 2 മുതൽ 10 വരെ ക്ലാസുകൾ സംപ്രേഷണം ചെയ്യും. ദിവസവും വൈകുന്നേരം 5.30നാണ് സംപ്രേഷണം. പുനഃസംപ്രേഷണം അടുത്ത ദിവസം രാവിലെ എട്ടിനും ഉച്ചയ്ക്ക് 2 മണിക്കും ഉണ്ടായിരിക്കും.

പത്താം ക്ലാസിലെ പ്രോഗ്രാമുകൾക്ക് ശേഷം, ഫെബ്രുവരി 11 മുതൽ മറ്റ് ക്ലാസുകളിലെ വാർഷിക പരീക്ഷകൾക്കുള്ള പുതിയ ചോദ്യ മാതൃകകൾ വിശകലനം ചെയ്യുന്ന സെഷനുകൾ ആരംഭിക്കുമെന്നും മോഡൽ പരീക്ഷകൾക്ക് ശേഷം അടുത്ത ഘട്ടം തുടങ്ങുമെന്നും കൈറ്റ് സി.ഇ.ഒ കെ. അൻവർ സാദത്ത് അറിയിച്ചു.കൈറ്റ് വിക്ടേഴ്സിന്റെ വെബ് പോർട്ടലിലും (www.victers.kite.kerala.gov.in) മൊബൈൽ ആപ്പിലും (KITE VICTERS) മുന്നൊരുക്കം തത്സമയം കാണാം. ക്ലാസുകൾ പിന്നീട് youtube.com/itsvicters യൂട്യൂബ് ചാനലിലും ലഭ്യമാക്കും.

# പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്ക് സ്പോർട്സ് ക്വാട്ട അഡ്മിഷന് അപേക്ഷ ക്ഷണിച്ചു

CEE-KEAM 2026 അധ്യയന വർഷത്തിൽ ആരംഭിക്കുന്ന വിവിധ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിൽ കായികതാരങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അപേക്ഷ ക്ഷണിച്ചു.

എൻട്രൻസ് എക്സാമിനേഷൻസ് കമ്മീഷണർ പുറപ്പെടുവിച്ചിട്ടുള്ള പ്രോസ്പെക്ടസിലെ 5.2.16 പ്രകാരം യോഗ്യതയുള്ള കായികതാരങ്ങൾ കമ്മിഷണർക്ക് സമർപ്പിക്കുന്ന അപേക്ഷയുടെ പകർപ്പ്, കായിക നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഉൾപ്പടെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ സമർപ്പിക്കണം.

2024 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള കാലഘട്ടങ്ങളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായികയിനങ്ങളിൽ ജില്ലയെ പ്രതിനിധീകരിച്ച് സംസ്ഥാന ജൂനിയർ/യൂത്ത് മത്സരങ്ങളിൽ പങ്കെടുത്ത് മൂന്നാം സ്ഥാനം കരസ്ഥമാക്കൽ, റവന്യൂ ജില്ലയെ പ്രതിനിധീകരിച്ച് സംസ്ഥാന സ്കൂൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത് മൂന്നാം സ്ഥാനം കരസ്ഥമാക്കൽ എന്നിവയാണ് കുറഞ്ഞ യോഗ്യത.

പ്രസ്തുത വർഷങ്ങളിൽ സ്പോർട്സ് പ്രാവീണ്യം തെളിയിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ മാത്രമേ പരിഗണിക്കൂ.

അപേക്ഷകർ സ്പോർട്സ് നിലവാരം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് മുൻഗണനാക്രമത്തിൽ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യണം. അസോസിയേഷനുകൾ സംഘടിപ്പിക്കുന്ന ചാമ്പ്യൻഷിപ്പുകളുടെ സർട്ടിഫിക്കറ്റുകൾ അതത് കായികയിനങ്ങളുടെ സംസ്ഥാന അസോസിയേഷൻ സെക്രട്ടറി സാക്ഷ്യപ്പെടുത്തണം. സ്കൂൾ ഗെയിംസ് സർട്ടിഫിക്കറ്റുകൾ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ (സ്പോർട്സ്) സാക്ഷ്യപ്പെടുത്തണം. 10.02.2020 ലെ സർക്കാർ ഉത്തരവ് നമ്പർ 42/2020/കാ.യുവ പ്രകാരമാണ് മാർക്ക് നിശ്ചയിക്കുന്നത്.

എൻടൻസ് എക്സാമിനേഷൻസ് കമ്മീഷണർ പുറപ്പെടുവിച്ചിട്ടുള്ള 2025 ലെ പ്രോസ്പെക്ടസിൽ പ്രതിപാദിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതയും മിനിമം മാർക്കും ഉള്ളവരുടെ അപേക്ഷകൾ മാത്രമേ സ്പോർട്സ് ക്വാട്ടാ പ്രവേശനത്തിനും പരിഗണിക്കുകയുള്ളൂ. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 1. അപേക്ഷ അയയ്ക്കേണ്ട വിലാസം: സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം -1. ഫോൺ: 0471-2330167, 2331546.

# തീയതി നീട്ടി

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് 31.12.2025-ൽ വിജ്ഞാപനം പുറപ്പെടുവിച്ച തിരുവിതാംകൂർ/ കൊച്ചി/ ഗുരവായൂർ/ കൂടൽമാണിക്യം ദേവസ്വങ്ങളിലെ 22 കാറ്റഗറി നമ്പരുകളിലായി വിവിധ തസ്തികകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഫെബ്രുവരി 20 വരെ ദീർഘിപ്പിച്ചു. അപേക്ഷകൾ സമർപ്പിക്കുന്നതിനായി www.kdrb.kerala.gov.in സന്ദർശിക്കുക.

# നിയുക്തി മെഗാ തൊഴിൽമേളയിൽ 176 പേർക്ക് നിയമനം

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം മോഡൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തിരുവനന്തപുരം ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എൻജിനിയറിംഗ്, പാപ്പനംകോട് വച്ച് സംഘടിപ്പിച്ച മെഗാ തൊഴിൽ മേളയിൽ 176 ഉദ്യോഗാർഥികൾക്ക് നിയമനം ലഭിച്ചു. 741 ഉദ്യോഗാർഥികളെ വിവിധ സ്ഥാപനങ്ങളിലേക്ക് നിയമനം നൽകുന്നതിനായി ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ട്. തൊഴിൽ മേളയിൽ ലുലു ഇന്റർനാഷണൽ ഷോപ്പിംഗ് മാൾ, റിലയൻസ്, എസ്.എസ് ഗ്രൂപ്പ്, മാതൃഭൂമി, ഏഷ്യാനെറ്റ് തുടങ്ങി 59 പ്രമുഖ സ്ഥാപനങ്ങളും ആയിരത്തോളം ഉദ്യോഗാർഥികളും പങ്കെടുത്തു. എംപ്ലോയ്മെന്റ് ഡയറക്ടർ സുഫിയാൻ അഹമ്മദ് തൊഴിൽമേള ഉദ്ഘാടനം ചെയ്തു.

# പോളിടെക്നിക് കോളേജിൽ ലക്ചറർ ഒഴിവ്

നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് കോളേജിൽ ലക്ചറർ ഇൻ കമ്പ്യൂട്ടർ എൻജിനിയറിംഗ്, ലക്ചറർ ഇൻ ഇൻസ്ട്രുമെന്റേഷൻ എൻജിനിയറിംഗ് തസ്തികകളിലേക്ക് താൽക്കാലിക നിയമനം നടത്തുന്നു. കമ്പ്യൂട്ടർ എൻജിനിയറിംഗ്/ കമ്പ്യൂട്ടർ ടെക്നോളജി എന്നിവയിൽ അംഗീകൃത സർവ്വകലാശാലയിൽ നിന്നും 60 ശതമാനത്തിൽ കുറയാത്ത മാർക്കോട് കൂടിയ എൻജിനിയറിംഗ് ബിരുദമാണ് കമ്പ്യൂട്ടർ എൻജിനിയറിംഗ് വിഭാഗം ലക്ചററുടെ യോഗ്യത. അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഇലക്ട്രോണിക്സ് ആൻഡ് ഇൻസ്ട്രുമെന്റേഷൻ/ അപ്ലൈഡ് ഇലക്ട്രോണിക്സിൽ 60 ശതമാനത്തിൽ കുറയാത്ത മാർക്കോട് കൂടിയ എൻജിനിയറിംഗ് ബിരുദമാണ് ഇൻസ്ട്രുമെന്റേഷൻ എൻജിനിയറിംഗ് വിഭാഗം ലക്ചററുടെ യോഗ്യത. അഭിമുഖത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ള ഉദ്യാഗാർഥികൾ യോഗ്യത, വയസ് എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഫെബ്രുവരി 3 രാവിലെ 10.30 ന് പ്രിൻസിപ്പാളിന്റെ ഓഫീസിൽ നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: www.gptcnta.ac.in, 04712222935.

# പത്ത്സീറ്റിലും മത്സരിക്കും; വിട്ടുവീഴ്ചയ്ക്കില്ലെന്ന് പി. ജെ. ജോസഫ്

കോട്ടയം: നിയമസഭാ തെരഞ്ഞെടുപ്പിൽ കേരളാ കോൺഗ്രസ് സീറ്റ് വിട്ട് നൽകില്ലെന്ന് പാർട്ടി ചെയർമാൻ പി. ജെ. ജോസഫ്. കഴിഞ്ഞ തവണ മത്സരിച്ച പത്തു സീറ്റിലും ഇത്തവണയും മത്സരിക്കുമെന്നും കോട്ടയത്ത് ചേർന്ന ഉന്നതാധികാര സമിതി യോഗത്തിൽ അദ്ദേഹം പറഞ്ഞു.

ജയ സാധ്യത നോക്കി സ്ഥാനാർഥികളെ പ്രഖ്യാപിക്കും. കഴിഞ്ഞ പത്തു വർഷമായി ഭരണം നടത്തുന്ന എൽഡിഎഫ് സർക്കാർ കാർഷിക മേഖലയെ അവഗണിക്കുകയാണ്. ഈ അവഗണനയുടെ ഏറ്റവും പുതിയ ഉദാഹരണമാണ് സംസ്ഥാന ബജറ്റ്.

പൊള്ളയായ വാഗ്ദാനങ്ങളും നടപ്പാക്കുവാൻ കഴിയാത്ത നിർദ്ദേശങ്ങളുമാണ് ബജറ്റിലുള്ളതെന്നും പി. ജെ. ജോസഫ് പറഞ്ഞു. നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള സ്ഥാനാർഥികളെ തീരുമാനിക്കാൻ ചെയർമാനെ യോഗം ചുമതലപ്പെടുത്തി.

വി. ഡി. സതീശൻ നയിക്കുന്ന പുതുയുഗ യാത്ര വിജയിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ യോഗം തീരുമാനിച്ചു. മോൻസ് ജോസഫ് എംഎൽഎ, പി. സി. തോമസ് തുടങ്ങിയവർ പങ്കെടുത്തു.

# കർഷക തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം

കേരള കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള കർഷക തൊഴിലാളികളുടെ മക്കൾക്ക് 2025 അധ്യയന വർഷത്തെ ഉന്നത വിദ്യാഭ്യാസ ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു. കുട്ടികൾ കേരളത്തിനകത്തുള്ള എയ്ഡഡ് കോളേജുകളിൽ പഠിച്ചവരായിരിക്കണം. 2025 വർഷത്തെ ഡിഗ്രി, പി.ജി., പ്രൊഫഷണൽ ഡിഗ്രി, പ്രൊഫഷണൽ പി.ജി., ടി.ടി.സി., എൽ.ടി.എൽ., പോളിടെക്നിക്, ജനറൽ നഴ്സിങ്, ബി.എഡ്., മെഡിക്കൽ ഡിപ്ലോമ തുടങ്ങിയ കോഴ്സുകൾ ആദ്യ ചാൻസിൽ പാസായ വിദ്യാർത്ഥി/ വിദ്യാർത്ഥികൾക്കാണ് ധനസഹായം. 2025 ജനുവരി 1 മുതൽ 2025 ഡിസംബർ 31 വരെ ലഭ്യമായ റിസൾട്ടുകളാണ് അപേക്ഷയുടെ അടിസ്ഥാനം (കലണ്ടർ ഇയർ). വിദ്യാർത്ഥികളുടെ മാതാപിതാക്കളിൽ നിന്നും നിശ്ചിത ഫോറത്തിലുള്ള അപേക്ഷ തിരുവനന്തപുരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ ഫെബ്രുവരി 16 വൈകിട്ട് 5 വരെ സ്വീകരിക്കും. അംഗങ്ങൾ ഫോറം 'ഇ' യിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷാ ഫോമിന്റെ മാതൃകയും മാനദണ്ഡങ്ങളും വിശദവിവരങ്ങളും www.agriworkersfund.orgൽ ലഭ്യമാണ്.

# മൈനിംഗ് ആൻഡ് ജിയോളജി സെമിനാർ 3 ന്

മൈനിംഗ് ആൻഡ് ജിയോളജി വകുപ്പും നീതി ആയോഗും സംയുക്തമായി ചലഞ്ചസ് ആൻഡ് ഓപ്പർച്യൂണിറ്റീസ് ഇൻ മൈനർ മിനറൽ മൈനിംഗ് എന്ന വിഷയത്തിൽ ഫെബ്രുവരി 3 ന് കോവളത്തെ ആർട്സ് ആൻഡ് ക്രാഫ്റ്റ് വില്ലേജിൽ ഏകദിന ശിൽപശാല സംഘടിപ്പിക്കുന്നു. വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് സെമിനാർ ഉദ്ഘാടനം ചെയ്യും. ചീഫ് സെക്രട്ടറി ഡോ. എ.ജയതിലക് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ നീതി ആയോഗ് ഡെപ്യൂട്ടി അഡ്വൈസർ ശരവണഭവൻ, ജോയിന്റ് സെക്രട്ടറി ഇസ്തിയാഖ് അഹമ്മദ്, വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് എന്നിവർ പങ്കെടുക്കും.

# ഓസ്ട്രേലിയൻ ഓപ്പൺ; അൽകാരസിനു കിരീടം

മെൽബൺ: ഓസ്ട്രേലിയൻ ഓപ്പൺ പുരുഷ സിംഗിൾസ് ഫൈനലിൽ സ്പാനിഷ് താരം കാർലോസ് അൽകാരസിനു കിരീടം. നാലു സെറ്റുകൾ നീണ്ടുനിന്ന പോരാട്ടത്തിൽ സെർബിയൻ താരം നൊവാക് ജോക്കോവിച്ചിനെ തറപറ്റിച്ചാണ് അൽകാരസ് കിരീടത്തിൽ മുത്തമിട്ടത്.

സ്കോർ: 2–6,6–2,6–3,7–5.ആദ്യ സെറ്റ് നഷ്ടമായ അൽകാരസ് പിന്നീടുള്ള മൂന്നു സെറ്റുകളും വിജയിച്ചാണ് ഓസ്ട്രേലിയൻ ഓപ്പൺ ജയിച്ചത്. വിജയത്തോടെ കരിയർ ഗ്രാൻസ്ലാം നേട്ടം കൈവരിക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ താരമെന്ന റിക്കാർഡും 22 വയസുകാരനായ അൽകാരസിൻറെ പേരിലായി.

ആദ്യ സെറ്റ് 6–2 ന് ജോക്കോവിച്ച് നേടിയെങ്കിലും രണ്ടാം സെറ്റിൽ അൽകാരസ് ശക്തമായി തിരിച്ചുവന്നു. ജോക്കോവിച്ചിൻറെ സർവീസുകൾക്ക് മികച്ച റിട്ടേണുകൾ നൽകിയ താരം 6–2 ന് സെറ്റ് സ്വന്തമാക്കി. മൂന്നാം സെറ്റിൽ പൊരുതാൻ ഉറച്ചെത്തിയ സെർബിയൻ താരത്തിനു അൽകാരസിന് മുന്നിൽ അധികനേരം പിടിച്ചു നിൽക്കാനായില്ല.

ഒടുവിൽ 6–3 ന് സെറ്റ്പിടിച്ചെടുത്ത് സ്പാനിഷ് താരം മുന്നിലെത്തി. നാലാം സെറ്റിൻറെ അതിവേഗത്തിലുള്ള നീക്കങ്ങളിലൂടെ വീണ്ടും അൽകാരസ് മുന്നിലെത്തി. എന്നാൽ ജോക്കോവിച്ചും വിട്ടുകൊടുത്തില്ല. ഇതോടെ സ്കോർ 5–5 എന്ന നിലയിലായി.

സെറ്റ് സ്കോർ 6–5 എന്ന നിലയിലായതോടെ മത്സരം ടൈ ബ്രേക്കറിലേക്കു നീണ്ടു. തുടർന്ന് തീപാറുന്ന പോരാട്ടമാണ് നടന്നത്. അവസാനം 7–5ന് ജയിച്ച് അൽകാരസ് കിരീടത്തിൽ മുത്തമിട്ടു.

# സ്കൂളുകളിലും കോളജുകളിലും കണ്ടൻറ് ക്രിയേറ്റർ ലാബുകൾ

ന്യൂഡൽഹി: 2026ലെ കേന്ദ്ര ബജറ്റിൽ സ്കൂളുകളിലും കോളജുകളിലും കണ്ടൻറ് ക്രിയേറ്റർ ലാബുകൾ സ്ഥാപിക്കുമെന്നു ധനമന്ത്രി നിർമല സീതാരാമൻറെ പ്രഖ്യാപനം. 15,000 സ്കൂളുകളിലും 500 കോളജുകളിലും കണ്ടൻറ് ക്രിയേറ്റർ ലാബുകൾ സ്ഥാപിക്കുമെന്നാണ് പ്രഖ്യാപനം. ഇന്ത്യയിലെ ആനിമേഷൻ, വിഷ്വൽ ഇഫക്ട്സ്, ഗെയിമിംഗ്, കോമിക്സ് മേഖല അതിവേഗം വളരുകയാണെന്നും 2030 ആകുമ്പോഴേക്കും ഈ രംഗത്ത് 20 ലക്ഷം പ്രഫഷണലുകളെ ആവശ്യമായി വരുമെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

മുംബൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിയേറ്റീവ് ടെക്നോളജീസിൻറെ സഹകരണത്തോടെ ലാബുകൾ സജ്ജമാക്കും. കൂടാതെ, ഗുജറാത്തിലെ ജാംനഗറിൽ പുതിയ ആയുർവേദ കേന്ദ്രം സ്ഥാപിക്കുമെന്നും ആഗോള സഹകരണത്തോടെ വെറ്ററിനറി കോളജുകളും ഡയഗ്നോസ്റ്റിക് ലാബുകളും പ്രോത്സാഹിപ്പിക്കുമെന്നും ധനമന്ത്രി അറിയിച്ചു.

വികസിത് ഭാരത് എന്ന ലക്ഷ്യം മുൻനിർത്തി സേവന മേഖലയെ ശക്തിപ്പെടുത്താനായി എഡ്യൂക്കേഷൻ ടു എംപ്ലോയ്മെൻറ് ആൻഡ് എൻറർപ്രൈസ് ഉന്നത സമിതി രൂപീകരിക്കാനും ബജറ്റിൽ നിർദേശമുണ്ട്. 2047ൽ ആഗോള സേവന വിപണിയിൽ ഇന്ത്യയുടെ വിഹിതം 10 ശതമാനമായി ഉയർത്തുകയാണ് ഇതിൻറ ലക്ഷ്യം.

ആർട്ടിഫിഷൽ ഇൻറലിജൻസ് സാങ്കേതികവിദ്യകൾ തൊഴിൽ മേഖലയിൽ ചെലുത്തുന്ന സ്വാധീനം പഠിക്കാനും പുതിയ തൊഴിൽ അവസരങ്ങളും സാധ്യതകളും കണ്ടെത്താനും ഈ സമിതി മുൻകൈ എടുക്കുമെന്നു മന്ത്രി അറിയിച്ചു.

# മല എലിയെ പ്രസവിച്ചുവെന്ന് പറയുന്നത് പോലെയാണ് ബജറ്റ്; കേരളത്തെ അവഗണിച്ചെന്ന് കെ. സി. വേണുഗോപാൽ

ന്യൂഡൽഹി: കേന്ദ്ര ബജറ്റിനെതിരെ എഐസിസി ജനറൽ സെക്രട്ടറി കെ. സി. വേണുഗോപാൽ എംപി. മല എലിയെ പ്രസവിച്ചു എന്ന് പറയുന്നത് പോലെയാണ് ബജറ്റെന്നും കേരളത്തെ പൂർണമായും അവഗണിച്ചെന്നും അദ്ദേഹം പറഞ്ഞു.

രാജീവ് ചന്ദ്രശേഖറിൻറേത് പൊള്ളയായ ന്യായീകരണമാണ്. തിരുത്തലുകൾ നടത്താൻ ബിജെപി സംസ്ഥാന അധ്യക്ഷൻ കേന്ദ്രത്തോട് ആവശ്യപ്പെടണമെന്നും അദ്ദേഹം പറഞ്ഞു.

മറ്റ് സംസ്ഥാനങ്ങളിലെല്ലാം പദ്ധതികൾ നടപ്പിലാക്കിയതിൻറെ അടിസ്ഥാനത്തിലാണോ ബജറ്റിൽ പുതിയ പദ്ധതികൾ പ്രഖ്യാപിച്ചതെന്നും കെ. സി ചോദിച്ചു.

കേരളം പദ്ധതികൾ നടപ്പിലാക്കിയില്ലെങ്കിൽ അക്കാര്യം ചൂണ്ടിക്കാണിക്കുകയാണ് വേണ്ടത്.

അല്ലാതെ ബജറ്റിൽ അവഗണിക്കുകയല്ല വേണ്ടത്. കേരളത്തെ ഉൾപ്പെടുത്തി പ്രഖ്യാപിച്ച ധാതുഖനന ഇടനാഴിയുമായി ബന്ധപ്പെട്ട പദ്ധതിയിൽ വ്യക്തത വേണമെന്നും പദ്ധതിയുടെ കൂടുതൽ വിവരങ്ങൾ ലഭിച്ചാൽ മാത്രമേ ഗൂഢോദ്ദേശ്യമുണ്ടോ എന്നത് വ്യക്തമാകുവെന്നും കെ. സി. വേണുഗോപാൽ വ്യക്തമാക്കി.

# ഉയർന്ന മൂലധനച്ചെലവും ഉയർന്ന വളർച്ചയും'; ബജറ്റിനെ പ്രശംസിച്ച് പ്രധാനമന്ത്രി

ന്യൂഡൽഹി: ധനമന്ത്രി നിർമല സീതാരാമൻ അവതരിപ്പിച്ച 2026–ലെ കേന്ദ്ര ബജറ്റിനെ പ്രശംസിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഈ ബജറ്റ് ഉയർന്ന മൂലധനച്ചെലവും ഉയർന്ന വളർച്ചയും തമ്മിലുള്ള കൃത്യമായ സന്തുലിതാവസ്ഥ ഉറപ്പാക്കുന്നതാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ലോകരാജ്യങ്ങൾക്കിടയിൽ ഇന്ത്യയുടെ കരുത്തുറ്റ സ്ഥാനം ഈ ബജറ്റ് ഒരിക്കൽ കൂടി അടിവരയിടുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ബജറ്റ് വലിയ അവസരങ്ങളാണ് തുറക്കുന്നത്. സ്വപ്നങ്ങളെ യാഥാർഥ്യമാക്കാനുള്ള ബജറ്റാണ് നിർമല സീതാരാമൻ അവതരിപ്പിച്ചത്.

ഭാരതത്തിൻറെ ഭാവിക്കായുള്ള ബജറ്റാണ് ഇതെന്നും 2047 ൽ വികസിതഭാരതം എന്ന സ്വപ്നം യാഥാർഥ്യമാക്കുമെന്നും മോദി പ്രതികരിച്ചു. ബജറ്റ് പുതിയ ഊർജവും ഗതിയും നൽകുമെന്നും ഭാരതത്തിലെ പ്രഗല്ഭരായ യുവാക്കൾക്ക് വലിയ അവസരങ്ങൾ തുറക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. പുതിയ പദ്ധതികൾക്ക് വലിയ തോതിൽ ചെലവിടുമെന്നും മോദി കൂട്ടിച്ചേർത്തു.

# പ്രതിരോധത്തിനു റിക്കാർഡ് വിഹിതം; 7.85 ലക്ഷം കോടിയായി ഉയർത്തി

ന്യൂഡൽഹി: ഭാരതത്തിൻറെ അതിർത്തി സുരക്ഷ ശക്തമാക്കുന്നതിൻറെ ഭാഗമായി പ്രതിരോധ ബജറ്റിൽ വൻ വർധന പ്രഖ്യാപിച്ച് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. 2026–27 സാമ്പത്തിക വർഷത്തേക്ക് 7.85 ലക്ഷം കോടി രൂപയാണ് പ്രതിരോധ മന്ത്രാലയത്തിന് അനുവദിച്ചത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് പ്രതിരോധ വിഹിതത്തിൽ ഉണ്ടായ ഈ വർധന രാജ്യത്തെ സൈനിക ചരിത്രത്തിലെ തന്നെ റിക്കാർഡാണ്.

സായുധ സേനയുടെ ആധുനികവത്കരണത്തിനായി മാത്രം 2.19 ലക്ഷം കോടി രൂപയാണ് വകയിരുത്തിയത്. ഇതു കഴിഞ്ഞ വർഷത്തെക്കാൾ 21.84 ശതമാനം കൂടുതലാണ്. പുതിയ വിമാനങ്ങൾക്കും എൻജിനുകൾക്കുമായി 63,733 കോടി രൂപ അനുവദിച്ചു. റഫാൽ യുദ്ധവിമാനങ്ങൾ, അന്തർവാഹിനികൾ തുടങ്ങിയവ വാങ്ങുന്നതിനുള്ള കരാറുകൾക്ക് ഇതു വേഗം കൂട്ടും.

പ്രതിരോധ മേഖലയിലെ വിമാനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും നിർമാണത്തിനുമായി ഇറക്കുമതി ചെയ്യുന്ന അസംസ്കൃത വസ്തുക്കളുടെ അടിസ്ഥാന കസ്റ്റംസ് ഡ്യൂട്ടി ഒഴിവാക്കി. രാജ്യത്തിൻറെ മൊത്തം ആഭ്യന്തര ഉത്പാദനത്തിൻറെ 11 ശതമാനമാണ് പ്രതിരോധത്തിനായി മാറ്റിവച്ചത്. കഴിഞ്ഞ വർഷം ഇത് എട്ടു ശതമാനമായിരുന്നു. സൈനികരുടെ പെൻഷൻ വിഹിതം 1.71 ലക്ഷം കോടി രൂപയായി ഉയർത്തി. 'ഓപ്പറേഷൻ സിന്ദൂർ' പോലുള്ള സാഹചര്യങ്ങൾ നേരിടാൻ സേനയെ കൂടുതൽ സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ഫണ്ട് അനുവദിച്ചിരിക്കുന്നത്. 'ആത്മനിർഭർ ഭാരത്' പദ്ധതിയുടെ ഭാഗമായി തദ്ദേശീയമായ ആയുധ നിർമാണത്തിനും ഗവേഷണത്തിനും ബജറ്റ് വലിയ പിന്തുണ നൽകുന്നുണ്ട്.

# ജൽജീവൻ മിഷൻ 2028 വരെ നീട്ടി

ന്യൂഡൽഹി: ഇന്ത്യയുടെ ഗ്രാമഗ്രാമാന്തരങ്ങളിൽ കുടിവെള്ളമെത്തിക്കാൻ 2019ൽ തുടക്കമിട്ട ജൽജീവൻ മിഷൻ പദ്ധതി 2028 വരെ നീട്ടുന്നതായി കേന്ദ്രബജറ്റിൽ പ്രഖ്യാപനം. 15 കോടി കുടുംബങ്ങൾക്ക് പദ്ധതിവഴി പൈപ്പ് കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്.

ഇത് ഏകദേശം 80 ശതമാനം ആളുകൾക്കു പ്രയോജനപ്പെടുന്നുണ്ട്. ഇതു നൂറു ശതമാനം ആളുകൾക്കും ലഭ്യമാക്കുക എന്ന നേട്ടം കൈവരിക്കാനാണ് പദ്ധതിയുടെ കാലാവധി 2028 വരെ നീട്ടുന്നതെന്നു ധനമന്ത്രി ബജറ്റിൽ വ്യക്തമാക്കി.

ജലവിതരണത്തിൻറെ അടിസ്ഥാന സൗകര്യങ്ങളുടെ ഗുണനിലവാരം, പരിപാലനം, പ്രവർത്തനം എന്നിവയും മിഷൻ ശ്രദ്ധിക്കും. മുടക്കമില്ലാതെ ശുദ്ധജലവിതരണം നടക്കുന്നതിനു സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശങ്ങളുമായി ധാരണാപത്രങ്ങൾ ഒപ്പുവയ്ക്കുമെന്നും ബജറ്റിൽ പറയുന്നു.

# ഭിന്നശേഷിക്കാർക്കും മാനസികാരോഗ്യത്തിനും കൈത്താങ്ങ്; ബജറ്റിൽ വൻ പ്രഖ്യാപനങ്ങൾ

ന്യൂഡൽഹി: ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി രണ്ട് പുതിയ പദ്ധതികളും മാനസികാരോഗ്യ മേഖലയുടെ വികസനത്തിനായി പുതിയ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രഖ്യാപിച്ച് ധനമന്ത്രി. 'ദിവ്യാംഗ്ജൻ കൗശൽ യോജന', 'ദിവ്യാംഗ് സഹാറ യോജന' എന്നിവയിലൂടെ അന്തസുള്ള ജീവിതവും ആധുനിക സൗകര്യങ്ങളും ഉറപ്പാക്കുകയാണ് ലക്ഷ്യം.

'ദിവ്യാംഗ്ജൻ കൗശൽ യോജന'യിലൂടെ ഐടി, അനിമേഷൻ–ഗെയിമിംഗ്, ഹോസ്പിറ്റാലിറ്റി എന്നീ മേഖലകളിൽ ഭിന്നശേഷിക്കാർക്ക് അവരുടെ അഭിരുചിക്കനുസരിച്ചുള്ള പ്രത്യേക തൊഴിൽ പരിശീലനം നൽകും. ഓരോ വിഭാഗത്തിനും അനുയോജ്യമായ തൊഴിലവസരങ്ങൾ ഇതിലൂടെ ഉറപ്പാക്കും.

ദിവ്യാംഗ് സഹാറ യോജനയിലൂടെ ഭിന്നശേഷിക്കാർക്ക് ആധുനിക കൃത്രിമ അവയവങ്ങളും സഹായ ഉപകരണങ്ങളും ലഭ്യമാക്കും. ഇതിനായി കൃത്രിമ അവയവ നിർമ്മാണ കോർപ്പറേഷൻ ഓഫ് ഇന്ത്യ

എന്ന പൊതുമേഖലാ സ്ഥാപനത്തെ ആധുനികവത്കരിക്കുകയും ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ഉൾപ്പെടെയുള്ള സാങ്കേതികവിദ്യകൾ കൃത്രിമ അവയവ നിർമാണത്തിൽ ഉൾപ്പെടുത്തുകയും ചെയ്യും ഭിന്നശേഷിക്കാർക്കും മുതിർന്ന പൗരന്മാർക്കും ആധുനിക ഉപകരണങ്ങൾ നേരിട്ട് കണ്ടും പരീക്ഷിച്ചും വാങ്ങാൻ സാധിക്കുന്ന തരത്തിലുള്ള ആധുനിക റീട്ടെയിൽ സെൻററുകൾ ആരംഭിക്കുമെന്നും ബജറ്റ് അവതരണത്തിനിടെ ധനമന്ത്രി വ്യക്തമാക്കി

ഉത്തരേന്ത്യയിൽ മാനസികാരോഗ്യത്തിനായി ബംഗളൂരുവിലെ നിംഹാൻസിന് സമാനമായ പുതിയ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കും. റാഞ്ചിയിലെയും തേസ്പൂരിലെയും മാനസികാരോഗ്യ സ്ഥാപനങ്ങളെ റീജിയണൽ അപെക്സ് സെൻററുകളായി ഉയർത്തും.

അടിയന്തര ഘട്ടങ്ങളിൽ പാവപ്പെട്ട കുടുംബങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക ഭാരം കുറയ്ക്കുന്നതിനായി ജില്ലാ ആശുപത്രികളിലെ എമർജൻസി, ട്രോമ കെയർ സൗകര്യങ്ങൾ 50 ശതമാനം വർദ്ധിപ്പിക്കുമെന്നും ധനമന്ത്രി പ്രഖ്യാപിച്ചു.

# സി. ജെ. റോയിയുടെ മരണം; പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചു

ബംഗളൂരു: ആധായനികുതി വകുപ്പ് റെയ്ഡിനിടെ കോൺഫിഡൻറ് ഗ്രൂപ്പ് ഉടമ സി. ജെ. റോയി ജീവനൊടുക്കിയ സംഭവത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചു. ഡിഐജി വംശി കൃഷ്ണയ്ക്കാണ് അന്വേഷണ ചുമതല. ബംഗളൂരു സൗത്ത് ഡിവിഷൻ ഡിസിപി ലോകേഷും അന്വേഷണ സംഘത്തിലുണ്ട്.

ആദായ നികുതി വകുപ്പ് ഉദ്യോഗസ്ഥരുടെ പീഡനത്തിൽ മനംനൊന്താണ് റോയി ജീവനൊടുക്കിയതെന്ന് കുടുംബം ആരോപിച്ചു. അതേസമയം പ്രാഥമിക പോസ്റ്റ്മോർട്ടം റിപ്പോർട്ടും പുറത്തുവന്നു. നെഞ്ചിൽ തുളച്ചു കയറിയ വെടിയുണ്ട ഹൃദയത്തെയും ശ്വാസകോശത്തെയും കീറിമുറിച്ച് പിൻഭാഗത്തുകൂടി പുറത്തു കടന്നു.

6.35 എംഎം വലുപ്പമുള്ള വെടിയുണ്ട കണ്ടെത്തി. നെഞ്ചിൽ തോക്ക് ചേർത്തുവച്ച് ഒറ്റത്തവണയാണ് വെടിവച്ചത്. വിശദമായ പോസ്റ്റ്മോർട്ടം റിപ്പോർട്ടിനായി കാക്കുകയാണ് പോലീസ്. സംഭവസ്ഥലത്തു നിന്ന് ശേഖരിച്ച രക്ത സാമ്പിളുകളുടെയും മറ്റും പരിശോധന നടത്തിവരികയാണ്. ആദായി നികുതി ഉദ്യോഗസ്ഥർ നോട്ടീസ് നൽകിയതിനെ തുടർന്നാണ് ദുബായിൽനിന്ന് ദിവസങ്ങൾക്ക് മുൻപ് റോയി ബംഗളൂരുവിലെത്തിയത്. മൊഴിയെടുക്കുന്നതിനിടയിൽ മുറിയിലേക്ക് പോയ റോയി സ്വയം വെടിയുതിർക്കുകയായിരുന്നു.

# ഇന്ത്യയുടെ യഥാർഥ പ്രതിസന്ധികൾക്ക് മുന്നിൽ കണ്ണടച്ച ബജറ്റ്: രാഹുൽ ഗാന്ധി

ന്യൂഡൽഹി: ഇന്ത്യയുടെ യഥാർഥ പ്രതിസന്ധികൾക്ക് മുന്നിൽ കണ്ണടച്ച ബജറ്റാണ് ധനമന്ത്രി നിർമല സീതാരാമൻ അവതരിപ്പിച്ചതെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. തൊഴിലില്ലാത്ത യുവാക്കളെയും മൂലധനം പിൻവലിക്കുന്ന നിക്ഷേപകരെയും അവഗണിച്ചുവെന്നും അദ്ദേഹം പറഞ്ഞു.

ഗാർഹിക സമ്പാദ്യം കുത്തനെ ഇടിയുന്നു. കർഷകർ ദുരിതത്തിലാണ്. എന്നാൽ എല്ലാവരെയും അവഗണിക്കുന്ന ബജറ്റാണ് അവതരിപ്പിച്ചതെന്നും രാഹുൽ ഗാന്ധി കുറ്റപ്പെടുത്തി. അതേസമയം, കേന്ദ്ര ബജറ്റിൽ ധനമന്ത്രി നിർമല സീതാരാമനെ പ്രശംസിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി രംഗത്തെത്തി. അവസരങ്ങളുടെ ഒരു അതിവേഗ പാതയാണ് ബജറ്റ് സൃഷ്ടിച്ചതെന്ന് പ്രധാനമന്ത്രി പറഞ്ഞു.

# ഭക്ഷ്യ വ്യവസായത്തിൽ കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയിൽ പുതിയ പിജി ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നു.

ഭക്ഷ്യ മേഖലയിലെ ഉയരുന്ന ആവശ്യകത കണക്കിലെടുത്ത് കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയിൽ (കുഫോസ് ) രണ്ട് പുതിയ ഭക്ഷ്യ – വ്യവസായ കേന്ദ്രീകൃത പിജി ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നു. പിജി ഡിപ്ലോമ ഇൻ ഫുഡ് ബിസിനസ് മാനേജ്മെൻ്റ്, പിജി ഡിപ്ലോമ ഇൻ ഫുഡ് എക്സ്പോർട്ട് ഇൻപോർട്ട് മാനേജ്മെൻ്റ് എന്നീ കോഴ്സുകളാണ് ആരംഭിക്കുന്നത്.

ഭക്ഷ്യ മേഖലയിലേക്ക് കടന്നു വരാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾക്കും, നിലവിൽ മേഖലയുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നവർക്കും,

ഭക്ഷ്യ മേഖല സ്വയം തൊഴിൽ സംരംഭകർക്കും വിദഗ്ധർക്കും പ്രയോജനകരമായ രീതിയിലാണ് കോഴ്സുകൾ രൂപകല്പന ചെയ്തിരിക്കുന്നത്.

# മെഡിക്കൽ അനുബന്ധ കോഴ്സ് പ്രവേശനം: ആറാംഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെൻ്റ് പ്രസിദ്ധീകരിച്ചു

2025 വർഷത്തെ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള ആറാംഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെൻ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെൻ്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെൻ്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ് അടച്ചതിനുശേഷം അലോട്ട്മെൻ്റ് ലഭിച്ച കോഴ്സ്/കോളേജിൽ ഫെബ്രുവരി 2 വൈകിട്ട് 4ന് മുമ്പ് പ്രോസ്പെക്ടസ് ക്ലോസ് 11.7.1 പ്രകാരമുള്ള രേഖകളുമായി ഹാജരായി പ്രവേശനം നേടണം. വിശദവിവരങ്ങൾക്ക്: www.cee.kerala.gov.in, 04712525300.

## പി. ജി. ആയുർവേദ കോഴ്സ് പ്രവേശനം: റീഫണ്ടിന് അർഹരായ വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു

ബിരുദാനന്തര ആയുർവേദ കോഴ്സിലേക്ക് അപേക്ഷിച്ച വിദ്യാർത്ഥികളിൽ റീഫണ്ടിന് അർഹരായവരുടെ ലിസ്റ്റ് www.cee.kerala.gov.in ൽ പി ജി ആയുർവേദ 2025 – കാൻഡിഡേറ്റ് പോർട്ടലിൽ പ്രസിദ്ധീകരിച്ചു. അർഹരായ വിദ്യാർത്ഥികൾ കാൻഡിഡേറ്റ് പോർട്ടലിൽ ലോഗിൻ ചെയ്തു അവരവരുടെ അക്കൗണ്ട് വിവരങ്ങൾ പരിശോധിച്ച് സ്ഥിരീകരിക്കുന്നതിനായി ഫെബ്രുവരി 4 വൈകുന്നേരം 5 വരെ സമയം അനുവദിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾക്ക്: 04712525300.

## എൻജിനിയറിംഗ് അസിസ്റ്റൻ്റ്

തിരുവനന്തപുരം ശ്രീ സ്വാതി തിരുനാൾ സർക്കാർ സംഗീത കോളേജിലെ റെക്കോർഡിങ് തീയേറ്ററിൽ ഇലക്ട്രിക്കൽ എൻജിനിയറിംഗിൽ ബിരുദ യാഗ്യതയും റെക്കോർഡിങ് സ്റ്റുഡിയോയിൽ ഒരു വർഷത്തെ പ്രവർത്തി പരിചയവുമുള്ള എൻജിനീയറിംഗ് അസിസ്റ്റൻ്റിനെ കരാറടിസ്ഥാനത്തിൽ താത്കാലികമായി നിയമിക്കുന്നു.ഫോൺ 04712323027.

# കിഷ്ത്വാറിൽ സുരക്ഷാസേനയും ഭീകരരും തമ്മിൽ ഏറ്റുമുട്ടൽ

ശ്രീനഗർ: ജമ്മുകാഷ്മീരിലെ കിഷ്ത്വാർ ജില്ലയിൽ സുരക്ഷാ സേനയും ഭീകരരും തമ്മിൽ ഏറ്റുമുട്ടൽ. ഓപ്പറേഷൻ ട്രാഷി–1–ൻറെ ഭാഗമായി പാക് പൗരന്മാരായ ജെയഷ് മുഹമ്മദ് ഭീകരർ സൈഫുള്ള, ആദിൽ എന്നിവർക്ക് വേണ്ടി പുലർച്ചെ 5.40ഓടെയാണ് തിരച്ചിൽ ആരംഭിച്ചത്.

സൈനികരെ കണ്ട ഭീകരർ വെടിയുതിർത്തു. സൈന്യം പ്രത്യാക്രമണം നടത്തുകയാണ്. ഭീകരരെ പിടികൂടാൻ കൂടുതൽ സൈനികർ സ്ഥലത്തെത്തിയിട്ടുണ്ട്. മൂന്ന് ജെയ്ഷ് മുഹമ്മദ് ഭീകരർ പ്രദേശത്ത് ഒളിച്ചിരിക്കുന്നതായാണ് റിപ്പോർട്ട്. സൈന്യത്തിൻറെയും സിആർപിഎഫിൻറെയും ജമ്മുകാഷ്മീർ പോലീസിൻറെയും പങ്കാളിത്തത്തോടെ ജനുവരി 18നാണ് ഓപ്പറേഷൻ ട്രാഷി–1 ആരംഭിച്ചത്.

# ക്ലിനിക്കൽ ക്ലർക്ക്ഷിപ്പ് കൗൺസിലിങ് 11 ന്

വിദേശത്ത് മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കിയതിനെ തുടർന്ന് കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ നിന്നും ക്ലിനിക്കൽ ക്ലർക്ക്ഷിപ്പിനും ഇന്റേൺഷിപ്പിനും അറിയിപ്പ് ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് സർക്കാർ, സ്വകാര്യ, സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ക്ലിനിക്കൽ ക്ലർക്ക്ഷിപ്പ് അനുവദിക്കുന്നതിനുള്ള കേന്ദ്രീകൃത കൗൺസിലിങ്ങും മോപ്അപ് അലോട്ട്മെന്റും ഫെബ്രുവരി 11 ന് തിരുവനന്തപുരത്തുള്ള മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ നടക്കും. വിശദ വിവരങ്ങൾക്ക് : www.dme.kerala.gov.in.

# മഹാരാഷ്ട്രയിൽ പുതു ചരിത്രം; ഉപമുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് സുനേത്ര പവാർ

മുംബൈ: അജിത് പവാറിൻറെ ഭാര്യ സുനേത്ര പവാർ മഹാരാഷ്ട്രയുടെ ഉപമുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. ലോക്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ ആചാര്യ ദേവവ്രത് ആണ് സത്യവാചകം ചൊല്ലിക്കൊടുത്തത്. മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ്, ഉപമുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

എൻസിപി, ബിജെപി, ശിവസേന നേതാക്കളും ചടങ്ങിൽ പങ്കെടുത്തു.

സംസ്ഥാനത്തിൻറെ ചരിത്രത്തിൽ ആദ്യമായാണ് ഒരു വനിത ഉപമുഖ്യമന്ത്രി പദവിയിലെത്തുന്നത്. നേരത്തെ സുനേത്രയെ നിയമസഭാ കക്ഷി നേതാവായി എൻസിപി തെരഞ്ഞെടുത്തിരുന്നു. ഇന്ന് ചേർന്ന നിയമസഭാ കക്ഷി യോഗത്തിലാണ് സുനേത്രയെ നേതാവായി തെരഞ്ഞെടുത്തത്. എൻസിപിയുടെ മുതിർന്ന നേതാക്കളായ പ്രഫുൽ പട്ടേലും സുനിൽ തട്ക്കറെയും അടക്കമുള്ളവർ പങ്കെടുത്ത യോഗത്തിലാണ് സുനേത്രയെ ഉപമുഖ്യമന്ത്രിയാക്കുന്ന കാര്യം ഔദ്യാഗികമായി തീരുമാനിച്ചത്.

കഴിഞ്ഞ ബുധനാഴ്ച നടന്ന വിമാനാപകടത്തിലാണ് ഉപമുഖ്യമന്ത്രിയായിരുന്ന അജിത് പവാർ മരിച്ചത്. അജിതിൻറെ വിയോഗത്തെത്തുടർന്നു പാർട്ടിയിലും ഭരണസഖ്യത്തിലും ഉണ്ടായ ശൂന്യത പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് സുനേത്രയെ ഉപമുഖ്യമന്ത്രിയാക്കാൻ എൻസിപി തീരുമാനിച്ചത്.

അജിത് പവാറിൻറെ മരണത്തെത്തുടർന്ന് ഒഴിവുവന്ന ബാരാമതി നിയമസഭാ മണ്ഡലത്തിൽനിന്നു സുനേത്ര ജനവിധി തേടുമെന്നാണ് സൂചന.

സുനേത്ര രാജ്യസഭാംഗത്വം ഒഴിയുന്ന സാഹചര്യത്തിൽ മകൻ പാർഥ് പവാറിനെ രാജ്യസഭയിലേക്കു പരിഗണിച്ചേക്കും. എൻവയോൺമെൻറൽ ഫോറം ഓഫ് ഇന്ത്യയിലൂടെ സാമൂഹിക–പരിസ്ഥിതി രംഗത്തു സജീവമായിരുന്ന സുനേത്ര 2024ൽ ആണ് സജീവ രാഷ്ട്രീയത്തിലേക്കു പ്രവേശിക്കുന്നത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# മോദിയുടെ വികസിത ഭാരതത്തിൽ കേരളമില്ലേ; കേന്ദ്ര ബജറ്റ് സമ്മാനിക്കുന്നത് നിരാശ: രമേശ് ചെന്നിത്തല

കൊച്ചി: കേന്ദ്ര ബജറ്റ് സമ്പൂർണ നിരാശയാണ് സമ്മാനിക്കുന്നതെന്ന് കോൺഗ്രസ് പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തല. കേരളത്തിന് എയിംസും അതിവേഗ റെയിൽ പാത പ്രഖ്യാപിക്കുമെന്നുമൊക്കെ പറഞ്ഞു ബിജെപി കേരളത്തിലെ ജനങ്ങളെ കബളിപ്പിക്കുകയായിരുന്നുവെന്നും ചെന്നിത്തല പറഞ്ഞു.

മൂന്ന് ആയുർവേദ ഇൻസ്റ്റിസ്റ്റ്യൂട്ടുകൾ സ്ഥാപിക്കുമെന്ന് ബജറ്റിൽ പ്രഖ്യാപനമുണ്ടെങ്കിലും അതിൽ ഒന്നെങ്കിലും കേരളത്തിന് ലഭിക്കുമെന്ന ഒരു സൂചനയുമില്ല. പ്രധാനന്ത്രി തിരുവനന്തപുരത്ത് വന്ന് വികസിത ഭാരതത്തെപ്പറ്റി വാചാലമായാണ് സംസാരിച്ചത്.

എന്താ മോദിയുടെ വികസിത ഭാരതത്തിൽ കേരളം പെടില്ലേ എന്ന ചോദമാണ് ബജറ്റ് കഴിഞ്ഞപ്പോൾ ഉയരുന്നത്.

2014 ലെ മോദി സർക്കാരിൻറെ ആദ്യ ബജറ്റിൽ മുതൽ കേരളത്തിന് അവഗണനയാണ് ലഭിക്കുന്നത്. തെരെഞ്ഞെടുപ്പ് അടുക്കുമ്പോൾ പ്രധാനമന്ത്രിയും മറ്റു ബിജെപി നേതാക്കളും റോഡ്ഷോയുമായി കേരളത്തിൻറെ തെരുവുകളിലിറങ്ങും. ഇടിവെട്ടും വണ്ണം ചില പ്രഖ്യാപനങ്ങൾ നടത്തും. പിന്നെ അതെല്ലാം വെള്ളത്തിൽ വരച്ച വരപോലെയാകും. ഏഴു സംസ്ഥാനങ്ങളിൽ അതിവേഗ റെയിൽ പ്രഖ്യപിച്ചപ്പോൾ അതിലെങ്കിലും കേരളത്തെ ഉൾപ്പെടുത്തേണ്ടതായിരുന്നു. കേന്ദ്ര മന്ത്രി സുരേഷ് ഗോപി എയിംസ് തൻറെ പോക്കിറ്റിലുണ്ടെന്നും എപ്പോൾ വേണമെങ്കിലും എടുത്തുതരാമെന്നുമാണ് നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്നത്.

ബജറ്റ് വന്നപ്പോൾ കിട്ടിയത് വട്ടപ്പൂജ്യം. ബിജെപി സർക്കാരിൻറെ ഈ കടുത്ത അവഗണനക്കെതിരെ ശക്തമായ ജനവികാരം കേരളീയ സമൂഹത്തിൽ നിന്നുണ്ടാകണമെന്നും രമേശ് ചെന്നിത്തല കൂട്ടിച്ചേർത്തു.

# രഞ്ജി ട്രോഫി: ഗോവയെ തകർത്ത് കേരളം

പനാജി: രഞ്ജി ട്രോഫിയിൽ ഗോവയ്ക്കെതിരായ മത്സരത്തിൽ കേരളത്തിന് ജയം. ഒമ്പത് വിക്കറ്റിനാണ് കേരളം വിജയിച്ചത്. ഗോവ ഉയർത്തിയ 29 റൺസ് വിജയലക്ഷ്യം ഒരു വിക്കറ്റ് മാത്രം നഷ്ടത്തിൽ കേരളം മറികടക്കുകയായിരുന്നു. രണ്ടാം ഇന്നിംഗ്സിൽ 19 റൺസെടുത്ത അഭിഷേക് നായരും ഒമ്പത് റൺസെടുത്ത സൽമാൻ നിസാറും പുറത്താകാതെ നിന്നു. നേരത്തെ ഗോവയുടെ രണ്ടാം ഇന്നിംഗ്സ് 199 റൺസിൽ അവസാനിച്ചിരുന്നു. ഒന്നാം ഇന്നിംഗ്സിൽ ഗോവ 355 റൺസാണെടുത്തത്. മറുപടി ബാറ്റിംഗിനിറങ്ങിയ കേരളം ഒന്നാം ഇന്നിംഗ്സിൽ 526 റൺസാണ് പടുത്തുയർത്തിയത്. 171 റൺസിൻറെ ഒന്നാം ഇന്നിംഗ്സ് ലീഡാണ് കേരളത്തിന് ലഭിച്ചത്. വിക്കറ്റ് നഷ്ടമില്ലാതെ 18 റൺസ് എന്ന നിലയിൽ നാലാം ദിനം ബാറ്റിംഗ് ആരംഭിച്ച ഗോവയ്ക്ക് 181 റൺസ് മാത്രമാണ് കൂട്ടിച്ചേർക്കാനായത്. 55 റൺസെടുത്ത ദർശൻ മിശലിനും 32 റൺസെടുത്ത അമൂല്യ പാണ്ഡ്റെക്കറിനും മാത്രമാണ് ഗോവയ്ക്ക് വേണ്ടി തിളങ്ങാനായത്. കേരളത്തിന് വേണ്ടി എം. ഡി. നിതീഷ് അഞ്ച് വിക്കറ്റ് വീഴ്ത്തി. അങ്കിത് ശർമ മൂന്ന് വിക്കറ്റും എൻ. പി. ബേസിലും അഹമ്മദ് ഇംമ്രാനും ഓരോ വിക്കറ്റ് വീതമെടുത്തു. ഒന്നാം ഇന്നിംഗ്സിൽ രോഹൻ കുന്നുമ്മലിൻറെയും ക്യാപ്റ്റൻ വിഷ്ണു വിനോദിൻറെയും സെഞ്ചുറികളുടെയും സൽമാൻ നിസാറിൻറെ അർധ സെഞ്ചുറിയുടെയും മികവിലാണ് കേരളം കൂറ്റൻ സ്കോർ എടുത്തത്. 153 റൺസെടുത്ത രോഹനാണ് കേരളത്തിൻറെ ടോപ്സ്കോറർ. 14 ബൗണ്ടറിയും അഞ്ച് സിക്സും അടങ്ങുന്നതായിരുന്നു രോഹൻറെ ഇന്നിംഗ്സ്. വിഷ്ണു വിനോദ് 113 റൺസാണ് സ്കോർ ചെയ്തത്. സൽമാൻ നിസാർ 52 റൺസെടുത്തു. 37 റൺസെടുത്ത സച്ചിൻ ബേബിയും 36 റൺസെടുത്ത അങ്കിത് ശർമയും 32 റൺസെടുത്ത അഭിഷേക് നായരും തിളങ്ങി. ഗോവയ്ക്ക് വേണ്ടി ലളിത് യാദവും അമൂല്യ പാണ്ഡ്റേക്കറും മൂന്ന് വിക്കറ്റ് വീതം വീഴ്ത്തി. അർജുൻ തെണ്ടുൽക്കർ രണ്ട് വിക്കറ്റെടുത്തു. ഒന്നാം ഇന്നിംഗ്സിൽ 355 റൺസാണ് ഗോവ എടുത്തത്.

# മുറ്റമടിച്ചിരുന്ന വീട്ടമ്മയുടെ തല കടിച്ചുകീറി, ഉദയംപേരൂരിൽ തെരുവ് നായ വിളയാട്ടം, ഏഴു പേർക്ക് പരിക്ക്

കൊച്ചി: ഉദയംപേരൂരിൽ വീട്ടമ്മയുടെ തല കടിച്ചുകീറി തെരുവുനായ. ശനിയാഴ്ച രാവിലെ ഏഴോടെയാണ് ഉദയംപേരൂർ അതിർത്തി റോഡ് തെക്കേ പുളിപ്പറമ്പിൽ സതിക്ക് (52) തെരുവുനായയുടെ കടിയേറ്റത്. ഓടിവന്ന നായ മുറ്റമടിക്കുകയായിരുന്ന സതിയുടെ തലയിൽ ആഴത്തിൽ കടിച്ചു വലിക്കുകയായിരുന്നു.

മാംസം അടർന്നതിനെത്തുടർന്നു വെട്ടുകൊണ്ടതുപോലെ ആഴത്തിൽ മുറിവുണ്ടായി. ഭർത്താവ് വിജയനും നാട്ടുകാരും ചേർന്ന് സതിയെ ആദ്യം തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിലും തുടർന്ന് എറണാകുളം ജനറൽ ആശുപത്രിയിലും എത്തിച്ചു. നിലവിൽ എറണാകുളം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്.

തൃപ്പൂണിത്തുറ പുതിയകാവിലും ഉദയംപേരൂർ പ്രദേശത്തുമായി തെരുവുനായ ആക്രമണത്തിൽ നാലു വയസുള്ള കുട്ടി ഉൾപ്പെടെ ഏഴു പേർക്കാണ് ഗുരുതര പരിക്കേറ്റത്. ഉദയംപേരൂർ ഉദയഗിരി റോഡ് ഭാഗത്ത് വാടക വീട്ടിൽ താമസിക്കുന്ന തമിഴ്നാട് സ്വദേശി തങ്കവേലുവിൻറെ നാലു വയസുകാരനായ മകൻ ഭുവനേശിനെ നായ ആക്രമിച്ചത് അങ്കണവാടിയിൽനിന്നു വീട്ടിലേക്കു വരുന്ന വഴിക്കാണ്. വെള്ളിയാഴ്ച വൈകുന്നേരം 4.30ന് വീടിനു സമീപത്തെ അങ്കണവാടിയിൽനിന്നു വീട്ടിലേക്ക് വരുന്നതിനിടെയായിരുന്നു സംഭവം. കുട്ടിയുടെ കവിളിലും ചുണ്ടിലും നായയുടെ കടിയേറ്റു.

ഉദയംപേരൂർ വലിയകുളം കിഴക്ക് ആരോൺ എന്ന പന്ത്രണ്ടുകാരനും തെരുവുനായയുടെ കടിയേറ്റു. കുട്ടിയുടെ തലയ്ക്കും മുഖത്തും മുതുകിലും മുറിവുണ്ട്. ആശുപത്രിയിൽ ചികിത്സ തേടി.

വീട്ടിലേക്കു കയറി വന്നാണ് ഉദയംപേരൂർ ഉദയഗിരി നഗർ മാടാനയിൽ അന്നമ്മയെ(60) തെരുവുനായ കടിച്ചത്. വെള്ളിയാഴ്ച ഉച്ചയ്ക്ക് ഒന്നോടെയായിരുന്നു ഇത്. രണ്ടു കൈത്തണ്ടയിലും കടിയേറ്റു. ഇടതു കൈത്തണ്ടയിൽ കടിച്ചിട്ടു പോയ നായ പിന്നിടു തിരിച്ചുവന്നു വലതു കൈത്തണ്ടയിലും കടിക്കുകയായിരുന്നു. വലതു കൈക്ക് ആഴത്തിലുള്ള മുറിവുണ്ട്.

# കേരളത്തോട് അവഗണന മാത്രം; യുദ്ധപ്രഖ്വാപനമാണ് കേന്ദ്രം നടത്തിയത്: എം. വി. ഗോവിന്ദൻ

തിരുവനന്തപുരം: മൂന്നാം മോദി സർക്കാരിൻറെ മൂന്നാം ബജറ്റിനെതിരെ വിമർശനവുമായി സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ.

ബജറ്റിൽ കേരളത്തോട് അവഗണന മാത്രമാണ് ഉണ്ടായതെന്നും കേരളത്തോട് കേന്ദ്രം യുദ്ധപ്രഖ്യാപനമാണ് നടത്തിയതെന്നും ഗോവിന്ദൻ പറഞ്ഞു.

ബജറ്റിലെ അവഗണനയ്ക്കെതിരെ വലിയ പ്രതിഷേധം ഉയരുമെന്നും കേന്ദ്ര അവഗണന ജാഥയിലൂടെ ജനങ്ങളോട് വിശദീകരിക്കുമെന്നും ഗോവിന്ദൻ വ്യക്തമാക്കി. കേരളം ഒന്നും ആവശ്യപ്പെട്ടില്ല എന്ന പ്രതിപക്ഷത്തിൻറെ വാദം പച്ചക്കള്ളമാണെന്നും ഗോവിന്ദൻ പറഞ്ഞു.

എയിംസ് ഉൾപ്പെടെ 29 ആവശ്യങ്ങൾ കേരളം കേന്ദ്രത്തിന് മുന്നിൽവച്ചിരുന്നു. അതിവേഗ റെയിൽ പദ്ധതി ഇല്ലാത്തതിൽ ഇ. ശ്രീധരൻ തന്നെ നിരാശ പ്രകടിപ്പിച്ചിട്ടുണ്ട്. ശ്രീധരൻ പ്രഖ്യാപിച്ച പദ്ധതിക്ക് കേന്ദ്ര അനുമതി ഇല്ലെന്ന് നേരത്തെ അറിയാമായിരുന്നു.

ആർആർടിഎസ് പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോകും. അതിനും കേന്ദ്ര സർക്കാർ അനുമതി നൽകാൻ സാധ്യതയില്ല. ഇടതുപക്ഷ ബദലിനെ ഉപരോധം തീർത്ത് തകർക്കാനാണ് മോദി സർക്കാരിൻറെ ശ്രമമെന്നും നവകേരളമെന്ന ലക്ഷ്യവുമായി സർക്കാർ മുന്നോട്ടുപോകുമെന്നും ഗോവിന്ദൻ കൂട്ടിച്ചേർത്തു.

# കൊല്ലം – എറണാകുളം മെമു; സർവീസ് ദീർഘിപ്പിച്ചു

കൊല്ലം: കൊല്ലം - എറണാകുളം റൂട്ടിൽ സർവീസ് നടത്തുന്ന (06169/06170) മെമു സ്പെഷൽ ട്രെയിനുകൾ ഫെബ്രുവരി 27 വരെ സർവീസ് നടത്തുമെന്ന് റെയിൽവേ അറിയിച്ചു. നേരത്തേ ഈ ട്രെയിനുകൾ ജനുവരി 30 വരെ സർവീസ് നടത്താനാണ് തീരുമാനിച്ചിരുന്നത്. തിങ്കൾ മുതൽ വെള്ളി വരെ ആഴ്ചയിൽ അഞ്ച് ദിവസമാണ് ഈ മെമു ട്രെയിനുകൾ ഓടുന്നത്. ഈ ട്രെയിനുകൾ ആഴ്ചയിൽ എല്ലാ ദിവസവും ഓടിച്ച് സ്ഥിരം സർവീസാക്കണമെന്ന യാത്രക്കാരുടെയും വിവിധ സംഘടനകളുടെയും ആവശ്യം റെയിൽവേ ഇരുവരെ പരിഗണിച്ചിട്ടില്ല. ഇതുകൂടാതെ തിരുവനന്തപുരം നോർത്ത് (കൊച്ചുവേളി ) -മംഗളൂരു റൂട്ടിൽ സർവീസ് നടത്തുന്ന അന്ത്യോദയ സ്പെഷൽ ട്രെയിനും ( 06163/06164) ഫെബ്രുവരി 24 വര ദീർഘിപ്പിച്ചിട്ടുണ്ട്. പാലക്കാട്-കണ്ണൂർ-കോഴിക്കോട് റൂട്ടിൽ സർവീസ് നടത്തുന്ന പ്രതിദിന അൺ റിസർവ്ഡ് സ്പെഷൽ ട്രെയിനും 28 വരെ സർവീസ് നീട്ടിയിട്ടുണ്ട്.

# ബിജെപിക്ക് അക്കൗണ്ട് തുറക്കാൻ കഴിയില്ല; തുറക്കാൻ പറ്റുന്നത് ബാങ്ക് അക്കൗണ്ട് മാത്രം: കെ. മുരളീധരൻ

തിരുവനന്തപുരം: കേന്ദ്ര ബജറ്റിനെ രൂക്ഷമായി വിമർശിച്ച് കോൺഗ്രസ് നേതാവ് കെ. മുരളീധരൻ. ബജറ്റിൽ കേരളത്തെ തീർത്തും അവഗണിച്ചു. കേരളം ആവശ്യപ്പെട്ട അതിവേഗ റെയിൽ, എയിംസ്, റബർ കർഷകർക്കുള്ള താങ്ങുവില തുടങ്ങിയ ആനുകൂല്യങ്ങളൊന്നും കേന്ദ്ര ബജറ്റിലില്ല. കേരളത്തിലെ ജനങ്ങളോട് ബിജെപി എംപിമാർ മാപ്പ് പറയണമെന്നും അദ്ദേഹം പറഞ്ഞു. ഇനി ഇവിടെ വന്ന് വാചക കസറത്ത് നടത്തരുത്.

എയിംസ് എവിടെ സ്ഥാപിക്കും എന്നതായിരുന്നു ചർച്ച. കേരളാ നിയമസഭയിൽ ബിജെപിക്ക് അക്കൗണ്ട് തുറക്കാൻ കഴിയില്ല.

ബാങ്ക് അക്കൗണ്ട് മാത്രമേ തുറക്കാൻ കഴിയൂവെന്ന് മനസിലാക്കിയപ്പോഴാണ് ബജറ്റിൽ സംസ്ഥാനത്തെ തഴഞ്ഞത്. ഇങ്ങേയറ്റത്ത് ഇങ്ങനെ ഒരു സംസ്ഥാനം ഉണ്ടെന്നു പോലും കേന്ദ്രത്തിന് അറിയാത്ത അവസ്ഥയാണ് ഇപ്പോഴുള്ളതെന്നും കെ. മുരളീധരൻ പറഞ്ഞു.

